SDOF SUNDAY

Vol. 01 No. 02 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 May 31

SDOF Sunday ഒന്നാം ലക്കത്തിന്റെ പ്രകാശനം SDOF പ്രസിഡണ്ട് ഗീവർഗീസ് മാർ പീലക്സീനോസ് മൈക്കാവ് സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ വച്ച് മെയ് 24 ഞായറാഴ്ച നിർവ്വഹിച്ചു. ഫാ. വർഗീസ് കുര്യൻ (വികാരി), റെൻസി വർഗീസ് (എസ്.ഡി.ഒ.എഫ്. കേന്ദ്ര കമ്മിറ്റി അംഗം), മനു കുറിയാക്കോസ് (ട്രസ്റ്റി), സുബിൻ വർഗീസ് (സെക്രട്ടറി), എസ്.ഡി.ഒ.എഫ്. യൂണിറ്റ് ഭാരവാഹികളായ ജോയി പൊട്ടംകുഴിയിൽ, ബൈജു ജോർജ്, സൂസൻ ബാബു, ജയ തങ്കച്ചൻ എന്നിവർ പങ്കെടുത്തു.

ചുനക്കര മാർ ബസേലിയോസ് ഗ്രീഗോറിയസ് ഓർത്തഡോക്സ് ഇടവകയിലെ സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പിന്റെ ഉദ്ഘാടനം ഇടവക വികാരി ഫാ. ഷിജി കോശിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ ഉദ്ഘാടനം നിർവ്വഹിക്കുകയും, മാവേലിക്കര ഭദ്രാസന സെക്രട്ടറി ടി. കെ. മത്തായി, കറ്റാനം ഗ്രൂപ്പ് സെക്രട്ടറി റോയ് വാലുതുണ്ടിൽ എന്നിവർ ആശംസകൾ അറിയിക്കുകയും ചെയ്തു. യോഗത്തിന് റ്റി. ഐ. തോമസ്കുട്ടി സ്വാഗതവും, ശോശാമ്മ ചാക്കോ നന്ദിയും അറിയിച്ചു. ട്രസ്റ്റി, സെക്രട്ടറി ഉൾപ്പെടെ രണ്ടു സംഘടനകളുടെയും ഇടവകയിലെ ചുമതലക്കാരും ഈ യോഗത്തിൽ പങ്കെടുത്തു.

ഉള്ളന്നൂർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം നിർവ്വഹിക്കുന്നു. ഫാ. ബേസിൽ റോയി, ഫാ. ഡോ. ഏബ്രഹാം കോശി, ബിജു ജോർജ്, ഡാനിയേൽ ഉമ്മൻ, ബിനി സോളമൻ എന്നിവർ സമീപം.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായുടെ ഓർമപ്പെരുന്നാളിന്നോടാനുബന്ധിച്ചു പത്തനാപുരത്തു നടത്തിയ സ്മൃതി സംഗമം ജ്യോതികുമാർ ചാമക്കാല എംഎൽഎ ഉദ്ഘാടനം ചെയ്തു. കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം ഷിബു കെ. ഏബ്രഹാം, ഡേവിഡ് കോശി റമ്പാൻ, ഡോ. വർഗീസ് പേരയിൽ, ഡോ. മാത്യു പി. ജോസഫ്, ഫാ. ഫിലിപ് മാത്യു, ഷെല്ലി ബേബി എന്നിവർ സമീപം.

മേഖലാസമ്മേളനവും പ. വട്ടശ്ശേരിൽ തിരുമേനി അനുസ്മരണവും

തൃപ്പൂണിത്തറ: പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തയുടെ മെത്രാപ്പോലീത്താ സ്ഥാനാരോഹണ വാർഷികദിനത്തോടനുബന്ധിച്ച് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് കണ്ടനാട് ഈസ്റ്റ്, വെസ്റ്റ് , കൊച്ചി, അങ്കമാലി ഭദ്രാസനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ മേഖലാസമ്മേളനവും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി അനുസ്മരണവും വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണവും മെയ് 31 ഞായർ ഉച്ചകഴിഞ്ഞ് മൂന്ന് മണി മുതൽ കണ്ടനാട് കർമ്മേൽ ദയറായിൽ നടക്കും.

SDOF SUNDAY

Vol. 01, No. 02, 2026 May 31

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Members

Prinu T Mathews
Santhosh Daniel

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following

E-mail
sdofsunday@gmail.com
or
Whatsapp No.
7012270083

Editorial

പരിശുദ്ധാത്മാവിന്റെ പ്രോജ്ജ്വലനത്താൽ ആരംഭം, കൊടിയ കാറ്റുപോലെ സ്വീകരണം

ഒരു പ്രസ്ഥാനം വളരുവാൻ അധികം സമയം വേണ്ട, അത് ദൈവാത്മാവിനാൽ പ്രചോദിതമെങ്കിൽ.......

ചില പ്രസ്ഥാനങ്ങൾ നാമ്പിൽതന്നെ മണ്ടയടച്ചുപോകും..........

എന്നാൽ പരിശുദ്ധ സഭയിൽ 40-60 വയസിനു ഇടയിലുള്ളവർക്ക് ലിംഗഭേദം ഇല്ലാതെ പ്രവർത്തിക്കാൻ പറ്റിയ ആത്മീയ കൂട്ടായ്മ SDOF ....

അതും വലിയ വെല്ലുവിളികളുടെ നടുവിൽ സഭാനൗകയെ സംരക്ഷിക്കാൻ ജീവൻ പണയം വെക്കാൻ തയ്യാറായ വിശ്വാസവീരൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ നാമത്തിൽ..........

പ്രസ്ഥാനത്തിന്റെ വളർച്ച അസൂയാവഹമാണ്, ആരെയും അദ്ഭുതപെടുത്തുന്ന രീതിയിൽ..........

വിശ്വാസം, സാക്ഷ്യം, പ്രബോധനം എന്ന അടിസ്ഥാന തൂണുകളിൽ പ്രവർത്തനം.....

പിന്നെ അമരത്തു ചുറുചുറുക്കോടെ നമ്മുടെ ഫിലക്സീനോസ് തിരുമേനിയും, സമർപ്പിത ഭാരവാഹികളും അതിൽപരം പിന്നെ എന്താണ് വേണ്ടത്.....

'SDOF Sunday' എന്ന മുഖപത്രം തുടക്കംകുറിച്ചത് പരിശുദ്ധ പെന്തക്കോസ്തി പെരുനാളിൽ, അതും ഒരു ദൈവനിയോഗം.........

അതും ആത്മാവിന്റെ പ്രോജ്ജ്വലകാന്തിയാൽ....

മലങ്കരസഭയുടെ പാവങ്ങളുടെ അപ്പോസ്തോലൻ ഒസ്താത്തിയോസ് തിരുമേനിയുടെ വരികൾ ആത്മാവിൽ ആരംഭിക്കുന്നത് ഒന്നും നശിക്കുകയില്ല....

സഭാവിശ്വാസികൾ ഹൃദയഗീതമായി ആത്മാവിന്റെ എരിവോടെ ഏറ്റുവാങ്ങി നമ്മുടെ മുഖപത്രം 'A Good Beginning.' തുടക്കം തന്നെ ഗംഭീരം...

അതു തികച്ചും ദൈവഹിതം.........

ഈ മുഖപത്രം ഓരോ ആഴ്ചകളിലും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിൽ കൂടെ നിങ്ങളുടെ മുന്നിലേക്ക്.......

നിങ്ങളുടെ പ്രാർത്ഥന, നിർദേശങ്ങൾ, ലേഖനങ്ങൾ, വാർത്തകൾ, സഹായങ്ങൾ ഞങ്ങളുടെ കരുത്താണ്, ഊർജമാണ്.....

ഓരോ വാരത്തിലും ഈ അക്ഷരകൂട്ടുകൾ നിങ്ങളിലേക്ക് എത്തിക്കാൻ പ്രാർത്ഥന മാത്രം....

സ്നേഹത്തോടെ

കോശി വൈദ്യൻ അച്ചൻ
(പബ്ലിഷർ)

ദിവ്യപ്രശംസയ്ക്ക് അർഹരാകുക

(പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായർ)

വി. ലൂക്കോസ് 7:27–35

ഗീവർഗീസ് മാർ പീലക്സിനോസ്



ആരാധനാ വർഷത്തിലെ അഞ്ചാമത്തേതാണ് പെന്തിക്കോസ്തിക്കാലം. രക്ഷാകരചരിത്രത്തെ ഓരോ കാലത്തും ഓരോ സ്ഥലത്തും ജീവിക്കുന്ന ദൈവജനത്തിന് അനുഭവവേദ്യമാകത്തക്കവിധം അവതരിപ്പിക്കുന്ന ക്രമീകരണത്തിനാണ് ആരാധനാ വർഷം അഥവാ സഭാവർഷം എന്നു പറയുന്നത്. യെശയ്യാവ് സൂചിപ്പിച്ച (61:2) കർത്താവിന്റെ കൃപാവത്സരമാണ് സഭയുടെ ആരാധനാക്രമ വർഷമെന്നു കരുതുന്നു. ഒരു വർഷത്തെ വിവിധ കാലങ്ങളായി തിരിച്ച് ഓരോ ഘട്ടത്തിലും രക്ഷാകരചരിത്രത്തിലെ വിവിധ സംഭവങ്ങളെ അനുസ്മരിച്ച് ധ്യാനിക്കുവാനും ജീവിതത്തിൽ പകർത്തുവാനും ഉതകുന്ന തരത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്.

ഏഴ് ആഴ്ചകൾ വീതമുള്ള ഏഴു കാലങ്ങളായി സഭാവർഷത്തെ വിഭജിച്ചിരിക്കുന്നു. അതിൽ അഞ്ചാമത്തെ കാലമാണ് പെന്തിക്കോസ്തിക്കാലം. പരിശുദ്ധാത്മാവിന്റെ ആഗമനം, സഭയുടെ ഉത്ഭവം, ശ്ലീഹന്മാരുടെ സുവിശേഷപ്രവർത്തനം എന്നിവ ഇക്കാലത്ത് അനുസ്മരിക്കപ്പെടുന്നു. പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായറാഴ്ചയാണിത്. ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗം വി. ലൂക്കോസ് 7:27–35.

യോഹന്നാൻ സ്നാപകൻ – മുന്നോടി

യേശുക്രിസ്തു തന്റെ മുന്നോടിയായി വന്ന യോഹന്നാനെക്കുറിച്ച് തന്റെ ശിഷ്യന്മാരോട് വിശദീകരിക്കുന്നതാണ് ഇന്നത്തെ വി. വേദഭാഗത്തിന്റെ ആരംഭത്തിൽ നാം കാണുന്നത്. പഴയനിയമ ഗ്രന്ഥങ്ങളിൽ, തനിക്കു മുമ്പായി അയയ്ക്കുന്ന ദൂതനെക്കുറിച്ചും തനിക്കു വഴിയൊരുക്കുന്ന പ്രവാചകരിൽ മികച്ചവനെക്കുറിച്ചും വിശദീകരിക്കുന്ന ഭാഗം പറഞ്ഞുകൊണ്ടാണ് യേശു തുടങ്ങുന്നത്. യേശു പറയുന്നു, 'ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയയ്ക്കുന്നു. അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും എന്ന് എഴുതിയിരിക്കുന്നത് അവനെക്കുറിച്ചാകുന്നു' (വി. ലൂക്കോസ് 7:27). 'എനിക്കു മുമ്പായി വഴി നിരത്തേണ്ടതിനു ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്ന് തന്റെ മന്ദിരത്തിലേക്കു വരും' (മലാഖി 3:1).

യോഹന്നാൻ മശിഹാ ആയിരിക്കുമോ എന്നു പലരും സംശയിച്ചു. എന്നാൽ താൻ മശിഹായുടെ മുന്നോടിയാണെന്നും മരുഭൂമിയിലെ ശബ്ദമാണെന്നും തന്റെ പിന്നാലെ വരുന്നവന്റെ ചെരുപ്പിന്റെ വാറ് അഴിക്കുവാൻ പോലും യോഗ്യനല്ല എന്നും യോഹന്നാൻ സാക്ഷിച്ചു. യോഹന്നാനെപ്പറ്റി സത്യത്തിന്റെ സാക്ഷിയാണെന്നും മശിഹായുടെ മുൻ ദൂതനായ ഏലിയാവാണെന്നും യേശു പറഞ്ഞു. 'നിങ്ങൾക്ക് പരിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവു അവൻ തന്നെ' (വി. മത്തായി 11:14).

ദാവീദിന്റെ സിംഹാസനത്തിലിരിക്കുവാൻ വരുന്ന ഒരുവനെക്കുറിച്ചും പ്രവാചകന്മാർ പറഞ്ഞിട്ടുണ്ട്. (1 രാജാ. 2:4, 8:25, യിരെ. 33:17). ഒരു ദേശീയ ഉദ്ധാരകനെയും വിമോചകനെയുമാണ് യഹൂദന്മാർ ആകാംക്ഷയോടെ കാത്തിരുന്നത്. അവരുടെ ചിന്തയിൽ മശിഹായുടെ വരവോടെ മരിച്ചവരെല്ലാം ഉയിർത്തെഴുന്നേൽക്കുന്നു. ഒരു ന്യായവിധി ഉണ്ടാകുന്നു. യഹൂദന്മാരുടെ ശത്രുക്കളെല്ലാം ഒന്നടങ്കം തകർക്കപ്പെടുന്നു. പഴയ ചെങ്കോലും കിരീടവുമുള്ള പ്രതാപകാലം തിരിച്ചുവരുന്നു. ഒരു സൈന്യരൂപീകരണത്തിനും സൈന്യപരിശീലനത്തിനുമുള്ള ആഹ്വാനം പ്രതീക്ഷിച്ചിരുന്ന അവർക്കു കേൾക്കുവാൻ കഴിഞ്ഞത് സ്വർഗ്ഗരാജ്യത്തെക്കുറിച്ചും മാനസാന്തരത്തെക്കുറിച്ചുമാണ് – ഒരു പവിത്ര സാമ്രാജ്യ സ്ഥാപനത്തിന്റെ കാഹളനാദമായിരുന്നു യോഹന്നാൻ ആ മരുഭൂമിയിൽ മുഴക്കിയത്.

ദിവ്യപ്രശംസ

പ്രശംസ പലതരത്തിലുണ്ട്. മനുഷ്യർ തമ്മിൽ പ്രശംസിക്കും. നേരിട്ടും എഴുത്തിലൂടെയും പ്രസംഗങ്ങളിലൂടെയും ഒക്കെ പ്രശംസ കേൾക്കാം. പറയുന്നതിലെ യാഥാർത്ഥ്യത്തിനേക്കാൾ കേൾക്കുന്നവരുടെ രോമാഞ്ചത്തിലാണ് കൂടുതൽ ശ്രദ്ധ. തങ്ങൾക്ക് നേടിയെടുക്കേണ്ട ആനുകൂല്യങ്ങളുടെ അളവാണ് പുകഴ്ത്തുന്നവരുടെ ഊർജ്ജം. പ്രശംസാവചനങ്ങൾ ലഹരിയാണ്. ഒരിക്കൽ അടിപ്പെട്ടു കഴിഞ്ഞാൽ മോചനം ബുദ്ധിമുട്ടാകും.

എന്നാൽ ദൈവികമായ പ്രശംസ നേടാൻ കഴിയുക എന്നത് വ്യക്തികളുടെ

പുണ്യമാണ്. യേശുക്രിസ്തു തന്നെ നേരിൽ പ്രശംസിക്കുന്നതും മറ്റുള്ളവരെ പ്രശംസിക്കുന്നതും ദിവ്യപ്രശംസയാണ്. വി. വേദപുസ്തകത്തിൽ ആയതിനുള്ള ഉദാഹരണങ്ങൾ ധാരാളമാണ്. ഇന്നത്തെ വി. വേദഭാഗത്തിൽ തന്റെ മുന്നോടിയായ യോഹന്നാനെക്കുറിച്ച് പ്രശംസിക്കുന്നതും സാക്ഷിക്കുന്നതും ദിവ്യപ്രശംസയിൽ ഉൾപ്പെടുന്നതാണ്.

'സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല. ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു' (വാ. 28). യേശുക്രിസ്തു നേരിട്ട് പ്രശംസിച്ച വ്യക്തികൾ പലരുണ്ട്. സീദോനിലെ ഒരു കനാന്യസ്ത്രീ (വി. മത്തായി 15:28), ബഥാന്യയിലെ സ്ത്രീ (വി. മർക്കോ. 14:6), കഫർന്നഹൂമിലെ ശതാധിപൻ (വി. ലൂക്കോ. 7:9), ദരിദ്രയായ വിധവ (വി. ലൂക്കോ. 21:3), നഥാനിയേൽ (വി. യോഹ. 1:47).

യേശുക്രിസ്തുവിൽ നിന്നും സാക്ഷ്യവും പ്രശംസയും നേടാനുള്ള ശ്രമമാണു നാം നടത്തേണ്ടത്. ഹൃദയവിശുദ്ധിയും നൈർമ്മല്യവും നന്മപ്രവൃത്തികളും ഉണ്ടാകുന്നെങ്കിൽ ദിവ്യപ്രശംസ നേടാൻ സാധിക്കും. മനുഷ്യരുടെ പ്രശംസ നേടാൻ ശ്രമിക്കുന്നത് അപകടകരമാണ്. പ്രശംസയ്ക്കുവേണ്ടി മാത്രം കാര്യങ്ങൾ ചെയ്തു തുടങ്ങുമ്പോൾ പ്രസക്തമായ പലതും അപ്രത്യക്ഷമാ

കും. പുറമെ നിന്നു ലഭിക്കുന്ന പ്രശംസകൾക്കും അഭിനന്ദനങ്ങൾക്കും ആരേയും തൃപ്തിപ്പെടുത്താനാകില്ല. എല്ലാ സ്തുതിപാഠകരും എപ്പോഴും കൂടെയുണ്ടാകണമെന്നില്ല.

ദൈവത്തിനു പ്രീതികരമായതും തൃപ്തികരവുമായ പ്രവർത്തനങ്ങൾ നാം ചെയ്യുമ്പോൾ, ദൈവികമായ പ്രശംസയും അഭിനന്ദനവും നമ്മെ തേടിയെത്തും. അതിനുവേണ്ടി യത്നിക്കുകയും ശ്രമിക്കുകയും ആണ് വേണ്ടത്.

യേശു വിമർശകരെ ശകാരിക്കുന്നു

യോഹന്നാൻ സ്നാപകന് ഭൂതം ഉണ്ടെന്നും മനുഷ്യപുത്രൻ ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനാണെന്നും വിമർശിച്ചവരെ യേശു അതിശക്തമായി ശാസിക്കുന്നത് ഇവിടെ കാണാം (വാ. 31–34). ഇത് ദുഷിച്ച തലമുറയാണെന്നും ചന്തസ്ഥലത്ത് ഇരുന്ന് അന്യോന്യം വിളിച്ചു പറയുന്ന കുട്ടികളോട് അവർ തുല്യരാണെന്നും യേശുക്രിസ്തു വിമർശിക്കുന്നുണ്ട്. ദുഷിച്ച തലമുറയെന്ന് വിമർശിക്കുന്നത് വി. വേദപുസ്തകത്തിൽ പല ഭാഗങ്ങളിലും കാണാം. (വി. ലൂക്കോസ് 9:41, വി. മത്തായി 12:39, 45). ദുഷ്ടന്മാരുടെ ഭാവിയെ സംബന്ധിച്ച് ക്രിസ്തുവിന്റെ വാക്കുകൾ ശ്രദ്ധിക്കണം.

1. ദൈവത്തിൽ നിന്നു തള്ളപ്പെടുന്നു (വി. മത്തായി 7:23, 8:12, 22:13).
2. നിത്യാഗ്നി – ദുഷ്ടന്മാരുടെ അന്ത്യം തീച്ചൂളയിൽ ആയിരിക്കും (വി. മത്തായി 5:22, 13:41, വി. മർക്കോ. 9:47).
3. നരകം – ദുഷ്ടന്മാർക്കു നരകം ലഭിക്കും (വി. മത്തായി 5:29, 10:28).

യോഹന്നാനെക്കാൾ വലിയവനില്ല

'സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുമില്ല' (വാ. 28). യേശു തന്റെ മുന്നോടിയായ യോഹന്നാനെക്കുറിച്ച് വിവരിക്കുന്നതാണിത്. യോഹന്നാന്റെ സ്വഭാവസവിശേഷതകൾ

1. സ്വാർത്ഥത്യാഗം (വി. മത്താ. 3:4).
2. ധീരത (വി. മത്താ. 3:7, 14:4).
3. അനുസരണം (വി. മത്താ. 3:15).
4. ശക്തിമത്തായ പ്രസംഗം (വി. മർക്കോ. 1:5).
5. താഴ്മ (വി. മത്താ. 1:7, വി. യോഹ. 1:19–23).
6. വിശുദ്ധി (വി. മർക്കോ. 6:20).
7. തീഷ്ണത ജ്വലിക്കുന്നു (വി. യോഹ. 5:35).
8. ക്രിസ്തുവിൽ ബഹുമാനിതനായി (വി. മത്താ. 11:11, വി. ലൂക്കോ. 7:24–27).
9. അദ്ഭുതമൊന്നും പ്രവർത്തിച്ചില്ല (വി. യോഹ. 10:41).
10. രക്തസാക്ഷിത്വം വരിക്കേണ്ടിവന്നു (വി. മത്താ. 14:10).

തിരുവനന്തപുരം ഭദ്രാസന പ്രവർത്തനോത്ഘാടനം

തിരുവനന്തപുരം: SDOF തിരുവനന്തപുരം ഭദ്രാസന പ്രവർത്തനോത്ഘാടനം മാർച്ച് 20-നു ചാത്തന്നൂർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വച്ച് തിരുവനന്തപുരം ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ യൂലിയോസ് നിർവഹിച്ചു. തിരുവനന്തപുരം ഭദ്രാസന SDOF വൈസ് പ്രസിഡന്റ് ഫാ. പ്രകാശ് കെ. തോമസ് അധ്യക്ഷത വഹിച്ച യോഗത്തിൽ SDOF അഖില മലങ്കര വൈസ് പ്രസിഡന്റ് ഫാ. ബിജു ടി. മാത്യു, കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. എബ്രഹാം, കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ, തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി ഫാ. ഗീവർഗീസ് കണിയാന്ത്ര, ഫാ. വർഗീസ് കുഞ്ഞുകുഞ്ഞ് കൊറെപ്പിസ്കോപ്പ, ഫാ. കെ. ജി ജേക്കബ് പണിക്കർ, ഫാ. ജോസി ജോൺ, ഫാ. ജോൺ. കെ. തങ്കച്ചൻ, ഫാ. യൂഹാനോൻ ജോൺ, SDOF റീജിയണൽ സെക്രട്ടറി ഷിബു വർഗ്ഗീസ്, ഫാ. അലക്സാണ്ടർ കെ. ബി. (SDOF ചാത്തന്നൂർ ഡിസ്ട്രിക്റ്റ് വൈസ് പ്രസിഡന്റ്), SDOF ആയൂർ ഡിസ്ട്രിക്റ്റ് വൈസ് പ്രസിഡന്റ് ഫാ. ഡാനിയേൽ അലക്സാണ്ടർ, ഫാ. സി. ഗീവർഗ്ഗീസ്, ഫാ. ഗീവർഗ്ഗീസ് പള്ളിവാതുക്കൽ, കെ. ചാക്കോ (തിരുവനന്തപുരം ഭദ്രാസന കൗൺസിൽ അംഗം,) SDOF കേന്ദ്ര കമ്മിറ്റി അംഗങ്ങൾ ലാലു വർഗ്ഗീസ്, സൂസൻ ഡേവിഡ്, SDOF തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി സുബോധ് ജോർജ്ജ്, ജോയിന്റ് സെക്രട്ടറി ടിൻസി ആനി മാത്യു, ട്രഷറർ ജോർജ്ജ് തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

സെന്റ് ഡയനേഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ തുമ്പമൺ നോർത്ത് സെന്റ് മേരീസ് കാദീശ്ത്താ ഓർത്തഡോക്സ് പള്ളി ഇടവക യൂണിറ്റിന്റെ ഉത്ഘാടനം കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. എബ്രഹാം നിർവഹിച്ചു. ഫാ. പ്രൊഫ. ജോൺ പനാറയിൽ കോർ എപ്പിസ്കോപ്പ അധ്യക്ഷത വഹിച്ചു. ഇടവക വികാരി ഫാ. ജേക്കബ് കല്ലിച്ചേത്ത്, ഫാ. പി. ജി. മാത്യുസ്, ഇടവക ട്രസ്റ്റി കെ. എസ് ജോർജ്, സെക്രട്ടറി ബാബു ചെറിയാൻ, യൂണിറ്റ് വൈസ് പ്രസിഡന്റ് തോമസ് ജോർജ്, ട്രഷറർ ടിനു തോമസ്, ജോയിന്റ് സെക്രട്ടറി പ്രിജി കോശി, കൊച്ചുമോൾ കോശി എന്നിവർ പ്രസംഗിച്ചു.

തുമ്പമൺ മർത്തമറിയം ഭദ്രാസന ദേവാലയത്തിലെ സെന്റ് ഡയനീഷ്യസ് പ്രൈം സിറ്റിസൺസ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കുടുംബ സംഗമം തുമ്പമൺ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് റോണി സഖറിയ ഉദ്ഘാടനം ചെയ്യുന്നു. അജി റ്റി. ജോർജ്ജ്, ജോബി ജോൺ, ഷിബു കെ. എബ്രഹാം, ഫാ. ജിജി സാമുവേൽ, ബീനാ കോശി, അജിതാ റോയി , അഡ്വ. അൻസു സഖറിയ എന്നിവർ സമീപം.

ആ സ്വപ്നങ്ങൾ പൂവണിഞ്ഞോ?

മലങ്കരയുടെ ഏഴാം കാതോലിക്കാ ആയിരുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായുടെ പതിമൂന്നാമത് ഓർമ്മ പെരുന്നാൾ മെയ് 26-നു പത്തനാപുരം മൗണ്ട് താബോർ ദയറായിൽ ആചരിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്ത നാളുകളിൽ എസ്ഡിഒഎഫ് സൺഡേ പത്രാധിപരായ രാജ് ഫിലിപ്പും സുഹൃത്തുക്കളും ബാവാ തിരുമേനിയുമായി നടത്തിയ അഭിമുഖത്തിൽ സഭയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ പങ്കുവെച്ചത് വായിക്കുക:

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ സ്ഥാനത്യാഗം ചെയ്തതിനെ തുടർന്ന് നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ മലങ്കര സഭയിലെ ഏഴാമത് കാതോലിക്കായായും ഇരുപതാമത് മലങ്കര മെത്രാപ്പോലീത്തായായും പൗരസ്ത്യദേശത്തെ എൺപത്തിനാലാമത്തെ കാതോലിക്കായായും സ്ഥാനമേറ്റു. ഒക്ടോബർ 31-ന് പരുമല സെമിനാരിയിൽ സ്ഥാനാരോഹണ ശുശ്രൂഷ നടന്നു.

ഇന്ത്യയുടെ കാവൽ പിതാവും കർത്തൃശിഷ്യനുമായ വി. തോമ്മാശ്ലീഹായുടെ മറുപേരാണ് ദിദിമോസ്. കർത്താവിന്റെ 'ഇരട്ട' സഹോദരൻ എന്നാണ് ഈ പദം നൽകുന്ന അർത്ഥം.

തിരുവല്ല നെടുംപ്രം മുളമൂട്ടിൽ ഇട്ടിയവിര തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും നാലാമത്തെ മകൻ സി. ടി. തോമസിൽ നിന്നും കാതോലിക്കാബാവായിലേക്കുള്ള ദൂരമത്രയും ആത്മീയതയുടേയും ആകസ്മികതയുടേതുമായിരുന്നു. ചെറുപ്പത്തിൽ തന്നെ ആശ്രമജീവിതം തെരഞ്ഞെടുത്തു. കാരപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പലിൽ 1942 മാർച്ച് 11 ന് പാതിനോമ്പ് ബുധനാഴ്ച കോറൂയോ പട്ടം ഏറ്റു. 1947 മെയ് 22 ന് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയിൽ നിന്ന് ശെംശോനോ പട്ടം ഏറ്റു. 1950 ജനുവരി 25 ന് പത്തനാപുരം താബോർ ദയറായിൽ കശീശാ പട്ടം ഏറ്റു. 1965 മേയ് 16 ന് അവിടെ തന്നെ പരിശുദ്ധ ഔഗേൻ ബാവാ റമ്പാൻ സ്ഥാനം നൽകി. 1966 ഓഗസ്റ്റ് 24-നു കോലഞ്ചേരി പള്ളിയിൽ മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. 1968 ഫെബ്രുവരി 2-നു മലബാർ ഭദ്രാസനാധിപനായി. 1992 സെപ്തംബർ 10 ന് പരുമലയിൽ കൂടിയ മലങ്കര അസോസിയേഷൻ തിരുമേനിയെ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. 2005 ഒക്ടോബർ 31-നു കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.

നാലു ഭാഗങ്ങളിലുള്ള ദൈവത്തിന്റെ വിശുദ്ധ സഭയെ മേയിച്ച് ഭരിക്കുന്ന... ആബൂൻ മാർ ബസേലിയോസ് എന്ന് വി. കുർബാനയിൽ ഇനിയും ഓർക്കുന്നത് 'ദിദിമോസ് പ്രഥമൻ' എന്ന താപസശ്രേഷ്ഠനെ ആയിരിക്കും. പ്രാർത്ഥന തന്റെ ശീലവും ശക്തിയുമാണ് എന്ന് ആവർത്തിച്ചു പറയുന്ന ഈ ഉത്തമ ഇടയന്റെ ആകർഷണീയത ലളിതജീവിതവും ആത്മവിശുദ്ധിയും പ്രതിസന്ധികളിൽ ചോരാത്ത ആത്മധൈര്യവുമാണ്. വാക്കുകൾക്ക് ചെവിയോർക്കുമ്പോൾ, പരിശുദ്ധമായ ഈ വ്യക്തിത്വത്തെ അടുത്തറിയുവാൻ ശ്രമിക്കുമ്പോൾ, ഏലിയാപോൽ ഉജ്ജ്വലനെ, യൂഹാനോൻ പോൽ വ്രതപരനേ.... എന്ന വരികൾ ആരുടേയും മനസ്സിലൂടെ കടന്നുപോകും. സഭാ മക്കൾ ഈ പരിശുദ്ധ പിതാവിൽ അർപ്പിച്ചിരിക്കുന്ന പ്രതീക്ഷകളും ഏറെയാണ്. ദൂരയാത്രകൾക്ക് ശേഷം തിരക്കേറിയ ഒരു ദിനത്തിനൊടുവിൽ അൽപസമയം കുഴിമറ്റം സെന്റ് ജോർജ് യുവജന പ്രസ്ഥാനത്തിനായി പരിശുദ്ധ ബാവാ തിരുമേനി മാറ്റിവച്ചു. ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കും ഇടയിൽ അകലം ഉണ്ടായിരുന്നില്ല.

1. സ്ഥാനാരോഹണവും പുതിയ ചുമതലകളേയും പറ്റിയും?

മെത്രാന്മാരുടെ മസനപ്സായിൽ എത്ര കുരിശുകൾ ഉണ്ട് എന്ന് നിങ്ങൾക്കറിയാമോ? (മസ്നപ്സായിൽ തൊട്ട് കാണിച്ചു). ഇടത്ത് ആറും വലത്ത് ആറും പിന്നെ നടുക്ക് ഒന്നും അങ്ങനെ പതിമൂന്ന്. ക്രിസ്തു ചുമന്നത് പോലെ ക്രൂശ് ചുമക്കേണ്ടി വരും (ചിരിക്കുന്നു). ഉത്തരവാദിത്വവും വളരെ കൂടി.

2. കാനോൻ പ്രകാരം കാതോലിക്കോസിന്റെ വാഴ്ചയിൽ മുഖ്യ കാർമ്മീകൻ അന്തോഖ്യൻ പാത്രിയർക്കീസ് ആയിരിക്കണം എന്നാണ്. തിരുമേനി മനസ്സുകൊണ്ടെങ്കിലും പാത്രിയർക്കീസിന്റെ സാന്നി ധ്യം ആഗ്രഹിച്ചുവോ?

ഇല്ല. കാരണം മലങ്കര സഭയുമായി യാതൊരു സഹകരണ മനോഭാവവും ഇല്ലാത്ത ഒരു പാത്രീയർക്കീസിനെ എന്തി ന് കാതോലീക്കാ വാഴ്ചയിൽ കാർമ്മീകനാക്കണം.

3. തിരുമേനിയുടെ കാലഘട്ടത്തിൽ പാത്രീയർക്കീസ് ബാവായ്ക്കു മലങ്കരസഭ സ്വീകരണം നൽകുമോ?

വഴക്ക് തീരണം. സമാധാന ശ്രമങ്ങൾ എതിർ വിഭാഗം അട്ടിമറിക്കുന്നിടത്തോളം കാലം ഇത് സാധ്യമല്ല.

4. എന്താണ് സമാധാനത്തിനും യോജിപ്പിനും തടസ്സം നിൽക്കുന്നത്?

എതിർവിഭാഗത്തെ തോമസ് മാർ ദീവന്നാസിയോസിന്റെ അധികാര മോഹം. ഇവിടെ നിയുക്ത കാതോലിക്കായുള്ളപ്പോൾ അദ്ദേഹത്തിന് കാതോലിക്കാ ആകണം. നാം അത് എങ്ങനെ അംഗീകരിക്കും. ഇപ്പോൾ ബദൽ കാതോലിക്കാ ആയി. സമൂഹം ഇപ്പോൾ അദ്ദേഹത്തിന് വേണ്ട അംഗീകാരം നൽകുന്നില്ല.

5. കഴിഞ്ഞ പതിറ്റാണ്ടിൽ ഈ വിഷയത്തിൽ മലങ്കര സഭക്ക് തെറ്റ് പറ്റിയതായി ബാവാ തിരുമേനിക്ക് തോന്നുന്നുണ്ടോ?

ഇല്ല. നമുക്ക് ഒരു തെറ്റും പറ്റിയിട്ടില്ല. നിങ്ങൾക്കറിയാമോ നമ്മുടെ മക്കാറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ കോട്ടയം വിൻസർ കാസ്റ്റിലിൽ ഏഴു ദിവസത്തെ യോജിപ്പു ചർച്ചകൾ നടത്തി വിജയത്തിൽ വരെ എത്തിയതാണ്. ആറു ദിവസത്തെ ചർച്ചകൾ പൂർണ വിജയം. ഏഴാം ദിവസം അവർ പിന്മാറി. നാം എന്തു ചെയ്യും.

6. അവർ നമ്മുടെ സഹോദരങ്ങൾ അല്ലേ. വിട്ടുവീഴ്ചകൾ ചെയ്ത്, ഈ കേസും വഴക്കും അടുത്ത തലമുറക്ക് കൈമാറ്റം ചെയ്യാതിരുന്നുകൂടെ. വരും തലമുറകളിൽ എങ്കിലും നമ്മൾ ഒന്നിച്ചു നിൽക്കുകയല്ലേ വേണ്ടത്?

എനിക്ക് വയസ്സ് എൺപത്തിയഞ്ചായി. വരും തലമുറകളുടെ കാര്യം എനിക്കറിയില്ല. അന്ന് അവർക്ക് സാധിക്കുമെങ്കിൽ തീർ ച്ചയായും നല്ല കാര്യമാണ്.

7. മലയാള കരയിൽ ഇന്ന് മൂന്ന് കാതോലിക്കാമാരുണ്ട്. ബാവാ തിരുമേനി എങ്ങനെ പ്രതികരിക്കുന്നു?

അവർ ആരൊക്കെയാണ്....

8. തോമസ് മാർ ദീവന്നാസിയോസ് എന്ന ശ്രേഷ്ഠ കാതോലിക്കാ, സിറിൽ മാർ ബസേലിയോസ്, നമ്മുടെ കാതോലിക്കേറ്റിന്റ പ്രാധാന്യം കുറഞ്ഞതായി തിരുമേനിക്ക് തോന്നുന്നുണ്ടോ?

നിങ്ങൾ പറഞ്ഞതുപോലെ മൂന്ന് കാതോലിക്കാമാർ ഇല്ല. തോമസ് മാർ ദീവന്നാസിയോസിനെ കാതോലിക്കായായി നമ്മുടെ സഭ അംഗീകരിക്കുന്നില്ല. പരമാധികാരവുമില്ല. സിറിൽ മാർ ബസേലിയോസ് കാതോലിക്കാ അല്ല എന്ന് പത്രത്തിൽ വായിച്ചതല്ലേ. He is only a major Arch Bishop. വെറുതെ ഒരു ആർച്ച് ബിഷപ്പ് കാതോലിക്കായാണ് എന്ന് പറയുന്നത് മോശമല്ലേ. കാതോലിക്കായ്ക്ക് തുല്യസ്ഥാനം പോപ്പിനാണ് ഉള്ളത്.

9. എന്താണ് ഇവരിൽ നിന്ന് ഞങ്ങളുടെ കാതോലിക്കാ ബാവായെ വ്യത്യസ്തനാക്കുന്നത്. സമൂഹത്തിൽ നമ്മുടെ കാതോലിക്കേറ്റിന്റെ പ്രാധാന്യം എന്താണ്?

മുൻപ് പറഞ്ഞ രണ്ടു പേർക്കും പരമാധികാരം ഇല്ല. അവരുടെ മുകളിൽ ഭരണത്തിന് വേറെ ആൾക്കാരുണ്ട്. സിറിൽ മാർ ബസേലിയോസിനു മുകളിൽ പോപ്പ് ഉണ്ട്. He is the Supreme Power. ദീവന്നാസിയോസിനു മുകളിൽ പാത്രിയർക്കീസും. പരമാധികാരം പരിശുദ്ധ കാതോലിക്കായ്ക്ക് മാത്രമാണ്. അതു തന്നെയാണ് നമ്മുടെ കാതോലിക്കേറ്റിന്റെ പ്രാധാന്യം.

10. Stealing the sheeps. ഇത് മലങ്കര സഭയുടെ പ്രയോഗമാണ്. ഒരു കാലഘട്ടത്തിൽ ആടുകളെ കട്ടോണ്ടു പോയത് കത്തോലിക്കാ സഭയാണ് എങ്കിൽ ഇന്ന് അത് പ്രോട്ടസ്റ്റന്റ് കാരും കുട്ടി ദൈവങ്ങളുമാണ്. ബാവാ തിരുമേനി ഇതിനോട് എങ്ങനെ പ്രതികരിക്കുന്നു?

മോഷണം പാപമാണ്, തെറ്റാണ്. അവർ ചെയ്യുന്നത് തെറ്റാണ്. (ശക്തമായ ഭാഷയിൽ) പണം കാട്ടിയാണ് അവർ നമ്മുടെ സഭാ മക്കളെ അവിടേക്ക് ആകർഷിക്കുന്നത്. ഇത് ശക്തമായി നിയന്ത്രിക്കുവാനുള്ള സംവിധാനം വരും. ബോധവൽക്കരണമാണ് ഇവി ടെ ആവശ്യം. കാരുണ്യാ ഗൈഡൻസ് സെന്റർ, സഭയുടെ മിഷ്യൻ സംഘടനകൾ ഒക്കെ ശ്രദ്ധിക്കണം, പ്രവർത്തിക്കണം.

11. ജീവകാരുണ്യ പ്രവർത്തന രംഗത്തെ മലങ്കര സഭ?

നമ്മുടെ വലിയ ബാവായുടെ കാലത്ത് ധാരാളം പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. അടുത്തയിടെ 90 കുട്ടികളുടെയാണ് വിവാഹ ചെലവ് നടത്തിയത്. സുനാമി ദുരിതാശ്വാസത്തിന് 5 കോടി രൂപയാണ് കൊടുത്തത്. അങ്ങനെ വളരെയേറെ....

12. തിരുമേനിയുടെ ജീവ കാരുണ്യ പ്രവർത്തനങ്ങൾ?

(ശബ്ദം താഴ്ത്തി) 28 കുട്ടികളെ ഞാൻ വളർത്തുന്നുണ്ട്. വേണ്ട, വലത് കൈ ചെയ്യുന്നത് ഇടതു കൈ അറിയരുത് എന്നല്ലേ (ചിരിക്കുന്നു).

13. ക്രിസ്തുവിന്റെ മനുഷ്യാവതാര പ്രക്രിയയുടെ മുഖ്യ ലക്ഷ്യം ഭൂമിയിൽ ദൈവരാജ്യസ്ഥാപനമായിരുന്നു. ഈ നൂറ്റാണ്ടിൽ ഇതിൽ മലങ്കര സഭയുടെ പങ്ക് എന്താണ്?

സ്വർഗ്ഗം എടുത്ത് ഭൂമിയിൽ വയ്ക്കുക സാധ്യമാണോ? എന്നാൽ സാധിക്കും. You can create heaven on earth, through only holy life, അത് വിശുദ്ധ ജീവിതത്തിലൂടെ മാത്രമേ സാധ്യമാക്കുകയുള്ളു.

14. സഭയിലെ യുവജനങ്ങളെ ബാവാ തിരുമേനി മാറി നിന്ന് ശ്രദ്ധിക്കാറുണ്ടോ?

ഇല്ല. ശ്രദ്ധിക്കാറില്ല. ഇനിയും ശ്രദ്ധിക്കും.

15. തിരുമേനി കൂടുതൽ സ്നേഹിക്കുന്നത് ആരെയാണ്?

നമ്മുടെ അച്ചൻമാരെ ഞാൻ ഏറെ സ്നേഹിക്കുന്നു. അതുപോലെ അവർ ജനങ്ങളെ സ്നേഹിക്കണം.

16. മലബാർ ഭദ്രാസന ഭരണത്തിലായിരുന്നപ്പോൾ ഉള്ള അനുഭവങ്ങൾ?

ഇപ്പോഴും ഞാൻ മലബാർ ഭദ്രാസന ചുമതല ഒഴിഞ്ഞിട്ടില്ല. ഇവിടെ ഇരുന്ന് ഒരു റിമോട്ട് കൺട്രോൾ ഭരണം. ഞങ്ങളുടേത് ഒരു നല്ല ഭദ്രാസനമാണ്. അവിടുത്തെ അച്ചന്മാരേയും അൽമായക്കാരേയും യുവജനങ്ങളേയും ഞാൻ ഏറെ സ്നേഹിക്കുന്നു.

17. യുവജനങ്ങളോട് ബാവാ തിരുമേനിക്ക് നൽകാനുള്ള സന്ദേശം എന്താണ്?

മര്യാദക്ക് നടക്കണം. സഭയുടെ ചട്ടങ്ങൾ നിർബന്ധമായും അനുസരിക്കണം. മദ്യപാനം ഉപേക്ഷിക്കണം. സിനിമ, നാടകം എന്നൊക്കെ പറഞ്ഞ് ജീവിതം നശിപ്പിക്കരുത്. ദൈവത്തിലേക്ക് തിരിയേണം. ഉപവാസം, പ്രാർത്ഥന, നോമ്പ് ഇവ മുടക്കരുത്.

18. ബാവാ തിരുമേനിയുടെ പിൻഗാമി ആരായിരിക്കും?

ഇന്ന് സഭയിൽ 23 മെത്രാപ്പോലീത്താമാർ ഉണ്ട്. ആരു വേണമെങ്കിലും ആവാം.

19. വ്യക്തിപരമായി ആരെയെങ്കിലും നിർദേശിക്കുവാൻ ആഗ്രഹിക്കുന്നുവോ?

(വളരെ ആലോചിച്ചു) വ്യക്തിപരമായി ഈ കാര്യത്തിൽ അഭിപ്രായം പറയില്ല. അതു ശരിയല്ല. മലങ്കരസഭയുടെ കീഴ്‌വഴക്കം അനുസരിച്ച് എന്റെ പിൻഗാമിയെ അസോസിയേഷൻ തിരഞ്ഞെടുക്കും. Procedure അനുസരിച്ച് എനിക്ക് ആഗ്രഹിക്കുവാൻ പറ്റില്ല. നമ്മുടെ സഭയിൽ പൂർണമായും ജനാധിപത്യം ഉണ്ടാകണം.

20. ഉറങ്ങുമ്പോൾ ബാവാ തിരുമേനി സ്വപ്നം കാണാറുണ്ടോ?

ചുരുക്കം. പതിവില്ല. അതിനുള്ള പ്രാർ ത്ഥനയുണ്ട്. നമ്മൾ സൂത്താറായിൽ ചൊല്ലാറില്ലേ, തവക്ഷീണത്തിൽ സ്ക്കീപ്പായാൽ...., ശരീരമടങ്ങിയുറങ്ങുമ്പോൾ...... (തിരുമേനി മാർ അപ്രേമിന്റെ മെമ്രാ ചൊല്ലി കേൾപ്പിച്ചു). എങ്കിലും കാലീകമായ ചിന്തകൾ ഓർമ്മയിൽ വരാറുണ്ട് (ചിരിക്കുന്നു). ദൈവത്തിന്റെ തിരുമുമ്പിൽ സൗരഭ്യമേറുന്ന ധൂപം പോലെ ആയിരിക്കണം നമ്മു ടെ ഉറക്കം.

പ്രാർത്ഥനക്കായി പിരിയും മുൻപ് കുശലാന്വേഷണങ്ങൾ നടത്തുവാനും ഇനിയും വരണം എന്ന് ഓർമ്മിപ്പിക്കുവാനും ബാവാ തിരുമേനി മറന്നില്ല. മാർ ത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ നെടുനാൾ വാഴുക എന്ന് ആശംസിക്കുവാൻ ഞങ്ങളും.

(കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണമായ ജോർജിയനിൽ 2005 നവംബറിൽ പ്രസിദ്ധീകരിച്ചത്.)

❑

പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ

ഫാ. ഡോ. എം. ഒ. ജോൺ

മുളന്തുരുത്തി സുന്നഹദോസിന്റെയും മലങ്കരയിലെ പ്രഥമ മൂറോൻ കൂദാശയുടെയും ശതോത്തര ജൂബിലി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ അവയ്ക്ക് നേതൃത്വം നൽകിയ, മലങ്കരയിലെ നവീകരണ കൊടുങ്കാറ്റിനെ ശമിപ്പിക്കുവാൻ മലങ്കരയിലെത്തിയ പ. പത്രോസ് മൂന്നാമൻ പാത്രിയർക്കീസിനെക്കുറിച്ച് ഒരു ചരിത്രപരമായ അനുസ്മരണം.

ആമുഖം

മലങ്കരസഭാചരിത്രത്തിലെ അതിനിർണ്ണായകമായ ഒരു കാലഘട്ടത്തിൽ അതിശക്തമായ ഇടപെടൽ നടത്തി സഭയെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തിയ പിതാവാണ് അന്ത്യോഖ്യയുടെ പ. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ. ഒന്നാമത്തെ പാത്രിയർക്കീസായി പ. പത്രോസ് ശ്ലീഹായേയും ഉൾപ്പെടുത്തി അന്ത്യോഖ്യാ പാത്രിയർക്കീസന്മാരുടെ പട്ടിക തയ്യാറാക്കുമ്പോൾ അദ്ദേഹം പത്രോസ് എന്ന പേരുകാരനായ നാലാമനാണ്; അങ്ങനെ പത്രോസ് നാലാമൻ എന്നും അറിയപ്പെടുന്നു. നവീകരണത്തിന്റെയും അധികാരവടംവലിയുടെയും ഫലമായി രണ്ടായി ഭിന്നിച്ചുനിന്ന മലങ്കരസഭയിൽ പ്രബലമായ വിഭാഗത്തിന് ശക്തിപകർന്ന് നേതൃത്വം നൽകി സത്യവിശ്വാസത്തിൽ അദ്ദേഹം ഉറപ്പിച്ചു നിർത്തി.

നവീകരണത്തിന്റെ കരണംമറിച്ചിലുകളിൽ നിന്ന് മലങ്കരസഭയെ സംരക്ഷിച്ച പ. പത്രോസ് പാത്രിയർക്കീസ് ബാവാ; മലങ്കരസഭയെ സത്യവിശ്വാസത്തിൽ ഉറപ്പിച്ച പ. പത്രോസ് പാത്രിയർക്കീസ് ബാവാ; മലങ്കരസഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ച പ. പത്രോസ് പാത്രിയർക്കീസ് ബാവാ എന്നൊക്കെയുള്ള വിശേഷണങ്ങളാൽ ഈ പ. പിതാവ് മലങ്കരസഭാചരിത്രത്തിൽ അറിയപ്പെടുന്നു.

ജീവിതരേഖ

1872-ൽ അന്ത്യോഖ്യാ പാത്രിയർക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട പത്രോസ് മൂന്നാമൻ 1894 ഒക്ടോബർ 8-നു കാലം ചെയ്തു അദ്ദേഹത്തിന്റെ ജന്മദേശത്തു തന്നെയുള്ള കുറുക്കുമാ ദയറായിൽ (ഹാനനിയാ ആശ്രമം) കബറടങ്ങി.

ഇറാഖിലെ മൂസലിൽ ഒരു പുരാതന ക്രൈസ്തവ കുടുംബത്തിൽ 1798-ൽ അദ്ദേഹം ജനിച്ചു. ബാല്യകാലം മുതൽ അവിടെ ഹാനനിയാ ആശ്രമത്തിൽ ജീവിച്ചു. അക്കാലത്തൊക്കെ അന്നാട്ടിൽ പല ക്രൈസ്തവ ബാലന്മാരും അടുത്തുള്ള ആശ്രമങ്ങളിൽ താമസിച്ചു പഠിക്കുക പതിവായിരുന്നു. ആശ്രമജീവിതം ഇഷ്ടപ്പെട്ട അദ്ദേഹം ആവശ്യമായ പരിശീലനത്തിനുശേഷം അവിടെതന്നെ പുരോഹിതനും റമ്പാനുമായി. പ. ഇഗ്നാത്തിയോസ് ഏലിയാസ് രണ്ടാമൻ പാത്രിയർക്കീസ് ബാവാ (1778-1847) 1846-ൽ അദ്ദേഹത്തെ പത്രോസ് മാർ യൂലിയോസ് എന്ന പേരിൽ സിറിയായിലെ മെത്രാപ്പോലീത്തായായി വാഴിച്ചു.

1871-ൽ പ. യാക്കോബ് രണ്ടാമൻ പാത്രിയർക്കീസ് ബാവാ കാലംചെയ്തപ്പോൾ മാർ യൂലിയോസ് മെത്രാപ്പോലീത്തായെ സഭാ സുന്നഹദോസ് ഏകകണ്ഠമായി പാത്രിയർക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. സഭയുടെ നിർബന്ധത്തിനു വഴങ്ങിയ അദ്ദേഹത്തെ 1872 ജൂണിൽ ഇഗ്നാത്തിയോസ് പത്രോസ് മൂന്നാമൻ (നാലാമൻ) എന്ന പേരിൽ പാത്രിയർക്കാ സ്ഥാനത്തേക്ക് ഉയർത്തി. അന്നു മുതൽ സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ മികവുള്ളതാക്കിത്തീർക്കുവാൻ ഉതകുന്ന വിപ്ലവകരമായ അനേക നടപടികൾ സ്വീകരിച്ച് സ്തുത്യർഹമാംവിധം സഭാസേവനം നിർവ്വഹിച്ചു. ഒരു നല്ല നയതന്ത്ര വിദഗ്ദ്ധനായിരുന്ന പാത്രിയർക്കീസ് സ്ഥാനമേറ്റ ഉടൻ തുർക്കി ഭരണാധികാരികളുമായി നല്ല ബന്ധത്തിൽ വന്നു. ആധുനിക സുറിയാനിസഭയുടെ പ്രധാന ശില്പിയായി അദ്ദേഹം അറിയപ്പെടുന്നു.

മലങ്കരയിലെ പ്രശ്നങ്ങൾ

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ തിരുവിതാംകൂറിലും കൊച്ചിയിലുമെത്തിയ പാശ്ചാത്യ ആംഗ്ലിക്കൻ, സി.എം.എസ്. തുടങ്ങിയ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ മലങ്കരസഭയുമായി സഹകരിച്ചു പ്രവർത്തിച്ചു. പിൽക്കാലത്ത് ബന്ധങ്ങൾ വഷളാവുകയും മിഷണറിമാരുമായുള്ള മലങ്കരസഭയുടെ ബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്തു. എന്നാൽ മിഷണറിമാർ പ്രചരിപ്പിക്കാൻ ശ്രമിച്ച നവീകരണ ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന ഒരു വിഭാഗം ആളുകൾ സഭയ്ക്കുള്ളിൽ ശക്തിപ്രാപിച്ചു. പ്രധാനമായി പാലക്കുന്നത്ത് ഏബ്രഹാം മല്പാനും അദ്ദേഹത്തോടൊപ്പം കൈതയിൽ ഗീവർഗീസ് മല്പാനും അതിനു നേതൃത്വം നൽകി. ചേപ്പാട്ട് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന സഭയുടെ ഔദ്യോഗിക നേതൃത്വം അതിനെ ശക്തമായി എതിർത്തു. നവീകരണത്തെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും എന്ന നിലയിൽ സഭ രണ്ടായി ഭിന്നിച്ചു. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ചേപ്പാട്ട് ദീവന്നാസിയോസ്, പാലക്കുന്നത്ത് എബ്രഹാം മല്പാനെയും കൂട്ടരേയും മുടക്കി. ഏബ്രഹാം മല്പാൻ അദ്ദേഹത്തിന്റെ അനന്തിരവർ മാത്യൂസ് ശെമ്മാശ്ശനെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുക്കലേക്ക് മെത്രാൻസ്ഥാനം പ്രാപിക്കുന്നതിന് അയച്ചു. പ. ഏലിയാസ് രണ്ടാമൻ പാത്രിയർക്കീസ് (1838-47) പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശനെ, മാർ അത്താനാസിയോസ് എന്ന പേരിൽ 1842-ൽ മെത്രാനായി വാഴിച്ചു.

അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നു മെത്രാൻസ്ഥാനം പ്രാപിച്ച് മലങ്കരയിലെത്തിയ അദ്ദേഹം വളരെയധികം പരിശ്രമങ്ങൾക്കൊടുവിൽ 1852-ൽ മലങ്കര മെത്രാപ്പോലീത്താ ആയി രാജകീയ വിളംബരം പ്രാപിച്ച് സഭാഭരണം ഏറ്റെടുത്തു.

തുടർന്നങ്ങോട്ട് ഉഗ്രപ്രതാപിയായിട്ടായിരുന്നു മാത്യൂസ് മാർ അത്താനാസിയോസിന്റെ വാഴ്ച. തിരുവിതാംകൂർ സർക്കാരും, കൊച്ചി രാജാവും, ബ്രിട്ടീഷ് അധികാരികളും, ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയും, ആംഗ്ലിക്കൻ സഭാനേതൃത്വവും മിഷണറിമാരും അദ്ദേഹത്തോടൊപ്പമായിരുന്നു. തെക്കുമുതൽ വടക്കുവരെ മലങ്കരസഭ മുഴുവനേയും അദ്ദേഹം അടക്കിഭരിച്ചു.

പഴയസെമിനാരി ഉൾപ്പെടെ മലങ്കരസഭയുടെ എല്ലാ പൊതുസ്വത്തുക്കളും നിലംപുരയിടങ്ങളും ബഹുഭൂരിപക്ഷം പള്ളികളും അത്താനാസിയോസിന്റെ നിയന്ത്രണത്തിലായി. മരണം വരെയും അത്താനാസിയോസ് മലങ്കര മെത്രാ



പ്പോലീത്താ സ്ഥാനത്ത് തുടർന്നുവെന്ന് വട്ടിപ്പണക്കേസിൽ 1094 കന്നി എട്ടാം തീയതി പ. വട്ടശ്ശേരിൽ തിരുമേനി കൊടുത്ത മൊഴിയിൽ പറഞ്ഞിട്ടുണ്ട്.

അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നു പട്ടമേറ്റു എന്ന അടിസ്ഥാനത്തിലാണ് മാത്യൂസ് മാർ അത്താനാസിയോസിന് മലങ്കര മെത്രാപ്പോലീത്താ ആയി ഭരിക്കുവാനുള്ള അംഗീകാരം ലഭ്യമായത്. നവീകരണത്തെ എതിർക്കുന്നവരും ആ മാർഗ്ഗം തന്നെ സ്വീകരിച്ചു. അവരുടെ നേതാവ് പുലിക്കോട്ടിൽ ജോസഫ് കത്തനാർ, യാക്കോബ് രണ്ടാമൻ (1847–1871) പാത്രിയർക്കീസിൽ നിന്നു 1865–ൽ മാർ ദീവന്നാസിയോസ് എന്ന പേരിൽ സ്ഥാനം പ്രാപിച്ചു. പട്ടമേറ്റുവന്ന ജോസഫ് മാർ ദീവന്നാസിയോസ്, അത്താനാസിയോസിൽ നിന്ന് ഭരണം ഏറ്റെടുക്കാൻ നടത്തിയ എല്ലാ ശ്രമങ്ങളിലും പരാജയപ്പെട്ടു. ഇതിനിടെ മുപ്പത്തിയഞ്ചു വർഷമായി സർക്കാർ ഖജനാവിൽ കെട്ടിക്കിടന്ന വട്ടിപ്പണത്തിന്റെ പലിശ ലഭ്യമാക്കണമെന്ന് കാണിച്ച് അത്താനാസിയോസ് അപേക്ഷ നൽകി. ദീവന്നാസിയോസും പല പള്ളിക്കാരും ശക്തമായി അതിനെ എതിർത്തുവെങ്കിലും സർക്കാർ ആ തുക അത്താനാസിയോസിന് കൈമാറി. ഇടക്കാലത്ത് നടന്ന പല കോടതിവ്യവഹാരങ്ങളിലും അത്താനാസിയോസ് വിജയം കൈവരിക്കുകയും ചെയ്തു. ഇതിനിടെ 1871–ൽ യാക്കോബ് രണ്ടാമൻ പാത്രിയർക്കീസ് അന്തരിച്ചു. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് സ്ഥാനമേറ്റു. മാത്യൂസ് അത്താനാസിയോസിനെയും കൂട്ടരേയും നേരിടുവാൻ ഉള്ള ആയോധനത്തിൽ മുന്നേറുവാൻ ദീവന്നാസിയോസിന് സാധിച്ചില്ല. കഴിവും സ്വാധീനവും അത്രയും പ്രയോഗിച്ചിട്ടും ഫലം കിട്ടാതെ വന്നപ്പോൾ അറ്റകയ്യായി പാത്രിയർക്കീസിനെ തന്നെ കേരളത്തിലേക്ക് ക്ഷണിച്ചുവരുത്തുവാൻ അദ്ദേഹം നിർബന്ധിതനായി എന്നാണ് ഇസ്സഡ്. എം. പാറേട്ട് പറഞ്ഞിരിക്കുന്നത്. ദീവന്നാസിയോസ് മെത്രാപ്പോലീത്താ പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവായെ മലങ്കരയിലേക്ക് ക്ഷണിച്ചുവരുത്തി.

പാത്രിയർക്കീസ് ബാവാ വന്നതിനെക്കുറിച്ച് ഇ. എം. ഫിലിപ്പോസ് എഴുതിയിരിക്കുന്നത് "എല്ലാ പ്രകാരത്തിലും ഭഗ്നാശയനായ മാർ ദീവന്നാസിയോസ് അഞ്ചാമൻ അവസാനത്തെ കയ്യായി തന്റെ പാത്രിയർക്കീസിന്റെ അടുക്കൽ സഹായം അഭ്യർത്ഥിച്ചു" എന്നാണ്.

അനിതരസാധാരണമായ കഴിവും ദീർഘദൃഷ്ടിയുമുള്ള ഒരു രാജ്യതന്ത്രജ്ഞനായിരുന്നു പത്രോസ് പാത്രിയർക്കീസ് എന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്.

പത്രോസ് പാത്രിയർക്കീസ് മലങ്കരയിൽ

പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിക്കുമ്പോൾ ജോസഫ് ദീവന്നാസിയോസിന് രണ്ട് ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. ഒന്ന്, വിശ്വാസപരമായ കാര്യങ്ങളിൽ നവീകരണക്കാരുടെ സ്വാധീനത്തിൽ നിന്ന് മലങ്കരസഭയെ വിടർത്തുക. രണ്ട്, മാർ അത്താനാസിയോസിന്റെ കൈവശത്തിലിരിക്കുന്ന മലങ്കരസഭയുടെ പള്ളികളും സ്വത്തുക്കളും തന്റെ ഭരണത്തിൻകീഴാക്കുക.

ഈ രണ്ടു ലക്ഷ്യങ്ങളും സാധിക്കുന്നതിന് പാത്രിയർക്കീസ് ഇവിടെ വന്നേ മതിയാവൂ എന്ന് ദീവന്നാസിയോസിന് മനസ്സിലായി.

മലങ്കരയിൽ വരുമ്പോൾ നവീകരണത്തെ എതിർക്കണമെന്ന ലക്ഷ്യം പാത്രിയർക്കീസിനും ഉണ്ടായിരുന്നു. അതിനുവേണ്ടുന്ന എല്ലാ തയ്യാറെടുപ്പുകളും അദ്ദേഹം നടത്തി. മലങ്കരയിലേക്ക് പുറപ്പെടുന്നതിനു മുമ്പ് തുർക്കി ഭരണാധികാരികളിൽ നിന്നും ആവശ്യമായ എല്ലാ രേഖകളും അദ്ദേഹം സംഘടിപ്പിച്ചു.

ഇന്ത്യയിലേക്കുള്ള യാത്രാമദ്ധ്യേ ആദ്യം ലണ്ടനിലെത്തി കുറെനാൾ അവിടെ താമസിച്ചു. രാജ്ഞിയെയും കാന്റർബറി ആർച്ചുബിഷപ്പിനെയും സന്ദർശിച്ച് അവരുടെ പിന്തുണ ആർജ്ജിക്കുകയും ആവശ്യമായ ശുപാർശകത്തുകൾ വാങ്ങിക്കുകയും ചെയ്തു.

മലങ്കരയിലെ കാര്യങ്ങളിൽ പൂർണ്ണവിജയം കൈവരിക്കുവാനുള്ള എല്ലാ കരുക്കളും ഇംഗ്ലണ്ടിൽ വെച്ചുതന്നെ വിദഗ്ദ്ധമായ നിലയിൽ നീക്കിയിട്ടാണ് തന്ത്രശാലിയായ പാത്രിയർക്കീസ് മലങ്കരയിലേക്ക് പുറപ്പെട്ടത്. ഭാരതത്തിലുള്ള ഏതു സ്ഥാനിയേക്കാളും ഉപരിസ്ഥിതനാണ് താനെന്ന് സ്വയം ബോധ്യപ്പെടുകയും മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ വേണ്ടതെല്ലാം ചെയ്യുകയും ചെയ്തുകൊണ്ടായിരുന്നു ആദിയോടന്തം ബാവായുടെ യാത്ര.

ഇന്ത്യയിലെത്തി ഗവർണർ, ദിവാൻ തുടങ്ങിയ ബ്രിട്ടീഷ് അധികാരികളെയും തിരുവനന്തപുരത്തെത്തി തിരുവിതാംകൂർ മഹാരാജാവിനെയും കണ്ടു. വളരെ ഭക്ത്യാദരപുരസ്സരമാണ് തിരുവിതാംകൂർ മഹാരാജാവ് പാത്രിയർക്കീസ് ബാവായെ എതിരേറ്റതും സ്വീകരിച്ചതും. അന്ത്യോഖ്യാ പാത്രിയർക്കീസിനെ നേരിട്ടുകാണുവാൻ തനിക്കു സാധിച്ചതിനാൽ തന്റെ കാരണവന്മാരേക്കാൾ താൻ ഭാഗ്യവാനായിത്തീർന്നിരിക്കുന്നു എന്ന് മഹാരാജാവ് കല്പിച്ചു പറഞ്ഞതായാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. നവീകരണ ആശയങ്ങളെ സഭയിൽ നിന്ന് പുറത്താക്കി സഭയെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുക, അതോടൊപ്പം ദീവന്നാസിയോസിനെ അധികാരസ്ഥാനത്തു പ്രതിഷ്ഠിക്കുക എന്നതിലുപരി മലങ്കരസഭയെ സ്വന്ത ആധിപത്യത്തിൻകീഴിലും പൂർണ്ണമായി സ്വന്ത വരുതിയിലും ഒതുക്കുക എന്നതും പാത്രിയർക്കീസിന്റെ പ്രധാന ലക്ഷ്യമായിരുന്നു.

അധികം ആയാസമില്ലാതെ ആദ്യത്തെ ഉദ്ദേശ്യം അദ്ദേഹം സാധിച്ചെടുത്തു. രണ്ടാമത്തെ ഉദ്ദേശ്യം സഫലീകൃതമാകുവാൻ പാത്രിയർക്കീസ് കിണഞ്ഞു പരിശ്രമിച്ചു. ദീവന്നാസിയോസിന്റെ പ്രതിരോധം മൂലം ആ ലക്ഷ്യത്തിൽ പൂർണ്ണമായി വിജയിക്കുവാൻ പാത്രിയർക്കീസിന് സാധിച്ചില്ല.

നവീകരണക്കാരുടെ സ്വാധീനത്തിലായിരുന്ന പല പള്ളികളും പാത്രിയർക്കീസ് ബാവാ സന്ദർശിക്കുകയും സർക്കാർ അധികാരികളുടെ സഹായത്തോടെ അതിൽ പലതിനെയും ദീവന്നാസിയോസ് പക്ഷത്തേക്ക് മാറ്റുകയും ചെയ്തു.

പള്ളികൾ സന്ദർശിച്ചപ്പോൾ വലിയ സ്വീകരണമാണ് ബാവായ്ക്ക് ലഭിച്ചത്. അദ്ദേഹം പള്ളികളിൽ താമസിച്ചു വിശ്വാസികളെ പ്രബോധിപ്പിക്കുകയും സത്യവിശ്വാസത്തിൽ ഉറച്ചുനിൽക്കുവാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു. റോമ്മാ ബന്ധത്തിന്റെ അവശിഷ്ടങ്ങളായി പല പള്ളികളിലും നിലനിന്നിരുന്ന പതിവുകളെയും ആചാരങ്ങളെയും നിർത്തലാക്കുവാൻ ശക്തമായ ഇടപെടലുകളും അദ്ദേഹം നടത്തി.

മലങ്കരയിലെത്തി പ. പാത്രിയർക്കീസ് ബാവാ ചെയ്ത കാര്യങ്ങൾ

മലങ്കരസഭാകാര്യത്തിൽ ഇടപെട്ട പാത്രിയർക്കീസ് ബാവായ്ക്ക് ചെയ്യുവാൻ സാധിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം മാത്യൂസ് മാർ അത്താനാസിയോസിന് അനുകൂലമായി തിരുവിതാംകൂർ സർക്കാർ 1852–ൽ പുറപ്പെടുവിച്ച രാജകീയ വിളംബരം റദ്ദാക്കിക്കുവാൻ സാധിച്ചു എന്നതാണ്. മലങ്കരസഭാകാര്യങ്ങളുടെ ഉള്ളിലേക്ക് ഇടപെട്ട പാത്രിയർക്കീസ് ബാവാ പൂർണ്ണമായും മലങ്കരസഭയെ തന്റെ ആധിപത്യത്തിൻകീഴിലേക്ക് വരുത്തുവാനുള്ള ശ്രമമാണ് തുടർന്ന് നടത്തിയത്. അതിനുവേണ്ടി അദ്ദേഹം ചെയ്ത പ്രധാനപ്പെട്ട ഒരു കാര്യം മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടുക എന്നതായിരുന്നു.

1876 ജൂൺ 15–ാം തീയതി മുളന്തുരുത്തിയിൽ സുന്നഹദോസ് വിളിച്ചുകൂട്ടിക്കൊണ്ടും അതിൽ സംബന്ധിക്കുവാൻ പള്ളിപ്രതിപുരുഷന്മാരെ തെരഞ്ഞെടുത്ത് അയക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും പ. പാത്രിയർക്കീസ് ബാവാ 1876 ഇടവം 22–ാം തീയതി കുറുപ്പംപടി പള്ളിയിൽനിന്ന് പുറപ്പെടുവിച്ച നോട്ടീസ് കല്പന സെമിനാരി കേസിൽ WWW അക്കം പ്രമാണമായി ഹാജരാക്കിയിട്ടുണ്ട്.

പ. പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ മുളന്തുരുത്തി

സുന്നഹദോസ് പതിനെട്ട് നിശ്ചയങ്ങൾ അഥവാ കാനോനുകൾ പാസ്സാക്കുകയും അതിൽ ദീവന്നാസിയോസ് മെത്രാപ്പോലീത്തായും പള്ളിപ്രതിപുരുഷന്മാരും ഒപ്പുവെയ്ക്കുകയും ചെയ്തു.

സുന്നഹദോസ് നടപടികൾ പാത്രിയർക്കീസ് നിയന്ത്രിച്ചു. സുന്നഹദോസിന്റെ ഓരോ നിശ്ചയവും സുറിയാനിയിൽ പരിഭാഷപ്പെടുത്തി പാത്രിയർക്കീസിനെ വായിച്ചുകേൾപ്പിച്ച് അംഗീകാരം വാങ്ങിയാണ് മുമ്പോട്ട് പോയതെന്ന് പ. പരുമല മാർ ഗ്രിഗോറിയോസ് സെമിനാരിക്കേസിൽ കോടതിയിൽ ഹാജരായി മൊഴികൊടുത്തിട്ടുണ്ട്.

മുളന്തുരുത്തി സുന്നഹദോസ് നടപടികളും നിശ്ചയങ്ങളും കൂടുതലും പാത്രിയർക്കീസിന്റെ അധികാരസ്ഥാപനത്തിനുതകുന്നവയായിരുന്നു.

സുന്നഹദോസ് താഴെപ്പറയുന്ന സുപ്രധാന തീരുമാനങ്ങൾ സ്വീകരിച്ചു.

1. അന്ത്യോഖ്യായുടെ സിംഹാസനത്തിങ്കലെ ചൊല്ലുവിളിക്കും സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനി വിശ്വാസത്തിനും വിപരീതം ഒരിക്കലും ഉണ്ടാകാതിരിപ്പാൻ മലങ്കരയിലുള്ള എല്ലാ ഇടവകകളും പാത്രിയർക്കീസിന് ഓരോ രജിസ്ട്രേഡ് ഉടമ്പടി എഴുതിക്കൊടുക്കണം.

2. ഓരോ ഇടവകയിലേയും വിശ്വാസികളുടെ സ്ഥിതിവിവരക്കണക്കെടുക്കണമെന്നും പ്രായപൂർത്തിയായ പുരുഷന്മാരെല്ലാം പാത്രിയർക്കീസിന് റീശ്ശീസ്സാ (തലവരിപ്പണം) കൊടുക്കണം.

3. യാക്കോബായ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കുവേണ്ടി സഭാ നടപടികളും കാനോനുകളും അടങ്ങുന്ന പുസ്തകങ്ങൾ എല്ലാ പള്ളികൾക്കും അച്ചടിപ്പിച്ചു കൊടുക്കണമെന്നും അതനുസരിച്ച് ഇനിയും നടന്നുകൊള്ളണമെന്നും നിശ്ചയിച്ചു.

4. സുന്നഹദോസ് സമയത്തും അതിനു മുമ്പും മലങ്കരയിൽ ഒരു മെത്രാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തി കുറയ്ക്കുവാനും ഒരു പൊതുമുതൽ ഉണ്ടാക്കുവാനും വേണ്ടി പാത്രിയർക്കീസ് പേട്രനും, മെത്രാപ്പോലീത്താ പ്രസിഡന്റും ആയി സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന ഒരു സംഘടന ഉണ്ടാക്കുവാൻ തീരുമാനിച്ചു. ധനശേഖരണത്തിനായി കാശുപിരിച്ച് അസോസിയേഷനിൽ അംഗങ്ങളെ ചേർക്കണമെന്നും നിശ്ചയിച്ചു.

5. മലയാളത്തിൽ മേലദ്ധ്യക്ഷന്മാരുടെ ഏകനായക ശക്തിക്ക് എതിരായ ശക്തിയില്ലായ്മ നിമിത്തം സഭയ്ക്ക് ദോഷം സംഭവിച്ചിരിക്കയാൽ മെത്രാപ്പോലീത്തായോടു കൂടെ പ്രവർത്തിക്കുവാൻ (മലങ്കര മെത്രാപ്പോലീത്തായെ നിയന്ത്രിക്കാനുമാവാം) ഒരു കമ്മിറ്റി (മാനേജിംഗ് കമ്മിറ്റി) ഉണ്ടാക്കണമെന്നും യോഗം നിശ്ചയിച്ചു.

മുകളിൽ പറഞ്ഞ എല്ലാ തീരുമാനങ്ങളും പാത്രിയർക്കീസിന്റെ അധികാരം സ്ഥാപിക്കുന്നതും പ്രത്യേകിച്ച് അവസാനത്തെ രണ്ടെണ്ണം മലങ്കര മെത്രാപ്പോലീത്തായുടെ പ്രവൃത്തികൾക്ക് കടിഞ്ഞാണിടുന്നതും ആയിരുന്നു. സുന്നഹദോസ് കഴിഞ്ഞ് ഏകദേശം ഒൻപത് മാസം പാത്രിയർക്കീസ് മലങ്കരയിൽ താമസിച്ചു.

പാത്രിയർക്കീസിന്റെ അധികാരം അംഗീകരിച്ചുകൊണ്ടുള്ള സുന്നഹദോസ് നിശ്ചയങ്ങൾ നടപ്പാക്കാമെന്ന് പാത്രിയർക്കീസ് പ്രതീക്ഷിച്ചുവെങ്കിലും കാര്യമായൊന്നും നടന്നില്ല.

ഈ പശ്ചാത്തലത്തിലാണ് മലങ്കരസഭയെ ഏഴ് ഭദ്രാസനങ്ങളായി വിഭജിക്കുവാനും പുതുതായി ആറു മെത്രാന്മാരെ വാഴിക്കുവാനും പാത്രിയർക്കീസ് സ്വയമേവ തീരുമാനിച്ചത്.

മലങ്കരസഭയിൽ അധികാരം സ്ഥാപിക്കുവാൻ പാത്രിയർക്കീസ് ചെയ്ത രണ്ടാമത്തെ കാര്യമാണ് ഭദ്രാസന രൂപവൽക്കരണവും മെത്രാൻ വാഴ്ചയും.

ഭദ്രാസന രൂപവൽകരണവും മെത്രാൻ വാഴ്ചയും

മുളന്തുരുത്തി സുന്നഹദോസ് മൂലം ഉദ്ദേശിച്ച ഫലം ലഭ്യമാകുന്നില്ല എന്ന് കണ്ടപ്പോൾ മലങ്കരയിൽ സ്വന്ത അധികാര സ്ഥാപനത്തിനുവേണ്ടി പ. പാത്രിയർക്കീസ് സ്വയം കൈക്കൊണ്ട ഒരു നടപടിയാണ് ഭദ്രാസന രൂപീകരണവും പുതിയ മെത്രാൻ വാഴ്ചയും. മലങ്കരസഭയുടെ വളർച്ചയുടെയും വികസനത്തിന്റെയും കാരണമായി അതു മാറി എന്നതിന് സംശയമൊന്നുമില്ല.

മുളന്തുരുത്തി സുന്നഹദോസിന്റെ സമയത്ത് മലങ്കരയിൽ വിപുലമായ അധികാരങ്ങൾ കൈയാളിയിരുന്ന വ്യക്തിയായിരുന്നു മലങ്കര മെത്രാപ്പോലീത്താ. ദീവന്നാസിയോസ് ഒന്നാമൻ (മാർതോമാ ആറാമൻ), പുന്നത്ര മാർ ദീവന്നാസിയോസ്, ചേപ്പാട്ട് മാർ ദീവന്നാസിയോസ്, പാലക്കുന്നത്ത് മത്ത്യൂസ് മാർ അത്താനാസിയോസ് തുടങ്ങിയ മലങ്കര മെത്രാപ്പോലീത്താമാർ വിപുലമായ അധികാരാവകാശങ്ങൾ കൈകാര്യം ചെയ്തിരുന്ന ശ്രേഷ്ഠ ഭരണാധികാരികളും ജനനേതാക്കന്മാരുമായിരുന്നു. അവരുടെ അധികാരത്തെ രാജാക്കന്മാരും ഭരണകർത്താക്കളും ബഹുമാനിച്ച് ആദരിച്ചിരുന്നു.

മലങ്കരയിലേയ്ക്കുള്ള യാത്രയിൽ ലണ്ടനിലെത്തിയ പ. ഇഗ്നാത്തിയോസ് പത്രോസ് മൂന്നാമൻ പാത്രിയർക്കീസും അബ്ദുള്ളാ മാർ ഗ്രീഗോറിയോസും (പിന്നീട് പാത്രിയർക്കീസ്) കാന്റർബറി ആർച്ച്ബിഷപ്പിനൊപ്പം.

മെത്രാന്മാരുടെ ഏകനായകത്വത്തെ മുളന്തുരുത്തി സുന്നഹദോസിന്റെ രണ്ടു കാനോനുകളിൽ അപലപിച്ചിട്ടുണ്ട്. മെത്രാനു ബദലായി അസോസിയേഷനും കമ്മറ്റിയും ഉണ്ടാക്കിയിട്ടും പ്രയോജനം ഒന്നും ഉണ്ടായില്ല. മലങ്കര മെത്രാപ്പോലീത്തായുടെ അധികാരക്കോട്ടയിൽ വിള്ളലുണ്ടാക്കാതെ ഒരു കാലത്തും ഇവിടെ കടന്നുകൂടാൻ കഴിയുകയില്ല എന്ന് പാത്രിയർക്കീസിനു ബോധ്യമായി. ഈ സാഹചര്യത്തിലാണ് ദൃഢചിത്തതയോടെ പാത്രിയർക്കീസ് കരുക്കൾ നീക്കുന്നതും, ഭദ്രാസന രൂപവൽക്കരണം നടത്തുന്നതും. പാത്രിയർക്കീസ് സ്വീകരിച്ച ധീരമായ നടപടി ആയിരുന്നു അത്.

മലങ്കര മെത്രാപ്പോലീത്തായുടെ പൂർണ്ണ അധികാരത്തിൽപെട്ട സഭയെ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ ഏഴ് ഭദ്രാസനങ്ങളായി പാത്രിയർക്കീസ് വിഭജിച്ചു. പുതുതായി ആറു മെത്രാന്മാരെ കൂടി വാഴിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഉൾപ്പെടെ ഓരോരുത്തരേയും ഓരോ ഭദ്രാസനത്തിന്റെ മെത്രാന്മാരായി നിയമിച്ചുകൊണ്ട് പാത്രിയർക്കീസ് കല്പന കൊടുത്തു.

മുളന്തുരുത്തി സുന്നഹദോസിന്റെ നിശ്ചയപ്രകാരമാണ് പുതിയ ഭദ്രാസന രൂപവൽക്കരണവും മെത്രാൻ വാഴ്ചയും നടന്നതെന്ന് സുന്നഹദോസ് നടപടികളുടെയും തീരുമാനങ്ങളുടെയും വെളിച്ചത്തിൽ പറയുവാൻ സാധിക്കുകയില്ല. പുതിയ മെത്രാന്മാരിൽ ആരുടേയും വാഴ്ചയിൽ മാർ ദീവന്നാസിയോസ് സംബന്ധിച്ചില്ല. അതുകൊണ്ട് മാർ ദീവന്നാസിയോസിന്റെ അറിവോടും സമ്മതത്തോടും കൂടിയായിരുന്നു മെത്രാൻ വാഴ്ച നടന്നതെന്നും പറയുവാൻ സാധിക്കുകയില്ല. മൂന്ന് പ്രാവശ്യമായാണ് ആറു മെത്രാന്മാരെ പാത്രിയർക്കീസ് വാഴിച്ചത്.

1876 ഡിസംബർ മൂന്നാം തീയതി വടക്കൻപറവൂർ പള്ളിയിൽ വച്ച് തുമ്പമൺ ഭദ്രാസനത്തിനു വേണ്ടി കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായേയും കൊല്ലം ഭദ്രാസനത്തിനു വേണ്ടി കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായേയും വാഴിച്ചു. ഡിസംബർ 10-ാം തീയതി വടക്കൻപറവൂർ പള്ളിയിൽ വച്ച് തന്നെ അങ്കമാലി ഭദ്രാസനത്തിനു വേണ്ടി അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായേയും നിരണം ഭദ്രാസനത്തിനുവേണ്ടി ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായേയും വാഴിച്ചു. ഈ മെത്രാൻ വാഴ്ചകൾ നടന്നപ്പോൾ തന്നെ മലങ്കരയിൽ വ്യാപകമായ പ്രതിഷേധം ഉയർന്നു. വെളിയനാട് പള്ളിയിൽ വച്ച് 1877 ജനുവരിയിൽ കൂടിയ ഒരു സഭാ സമ്മേളനം (സുന്നഹദോസ്) മലങ്കരയിൽ ഇനിയും കൂടുതലായി മെത്രാന്മാരെ വാഴിക്കരുതെന്ന് പാത്രിയർക്കീസിനോട് അഭ്യർത്ഥിച്ചു. പാത്രിയർക്കീസ് അതിനു വഴിപ്പെട്ടില്ല.

1877 മെയ് 17-ാം തീയതി കുന്നംകുളം ചിറളയം പള്ളിയിൽ വെച്ച് കൊച്ചി ഭദ്രാസനത്തിനു വേണ്ടി കരോട്ടുവീട്ടിൽ ശീമോൻ മാർ ദീവന്നാസിയോസിനെയും കണ്ടനാട് ഭദ്രാസനത്തിനു വേണ്ടി മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിനേയും പാത്രിയർക്കീസ് വാഴിച്ചു (രണ്ടു പേരും പുതിയ മെത്രാന്മാരെ വാഴിക്കരുതെന്ന് പറഞ്ഞ് പാത്രിയർക്കീസിനു കത്തു കൊടുത്ത മാനേജിംഗ് കമ്മിറ്റിയംഗങ്ങളാണ് എന്നതാണ് രസകരമായ വസ്തുത).

ഈ ആറു മെത്രാന്മാരിൽ നിന്നും സ്ഥാനം പ്രാപിക്കുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ്, അവർ പാത്രിയർക്കീസിനെ അനുസരിച്ച് നടന്നുകൊള്ളാമെന്ന് സമ്മതിക്കുന്ന ഒരു രജിസ്റ്റേർഡ് ഉടമ്പടി പാത്രിയർക്കീസ് വാങ്ങിച്ചിരുന്നു.

ഇങ്ങനെ ഒരു ഉടമ്പടി എഴുതിക്കൊടുക്കുവാൻ ജോസഫ് മാർ ദീവന്നാസി

യോസിന്റെ മേൽ ആവുന്നത്ര സമ്മർദ്ദം ചെലുത്തിയെങ്കിലും അദ്ദേഹം വഴിപ്പെട്ടില്ല. അതുകൊണ്ട് അദ്ദേഹത്തിനു ഭദ്രാസന ഭരണം കൊടുക്കുവാൻ പാത്രിയർക്കീസ് തയ്യാറായില്ല. കേരളത്തിൽ നിന്നും പോയി ബോംബെയിൽ നിന്ന് കപ്പൽ കയറുന്നതിനു മുമ്പ് 1877 മെയ് മാസം അവസാനം മാത്രമാണ് കൊല്ലം ഭദ്രാസനത്തിന്റെ ചുമതല ദീവന്നാസിയോസിനു നല്കിക്കൊണ്ട് പാത്രിയർക്കീസ് കല്പന പുറപ്പെടുവിച്ചത്. കൊല്ലം ഭദ്രാസനത്തിൽ അന്ന് 31 പള്ളികൾ മാത്രമേ ഉൾക്കൊണ്ടിരുന്നുള്ളു. മാത്രവുമല്ല, മലങ്കരയിലെ ഏറ്റവും അവികസിതമായ ഭദ്രാസനവും ആയിരുന്നു കൊല്ലം.

ഇത്ര ശക്തമായ നിലപാടുകൾ സ്വീകരിച്ച പാത്രിയർക്കീസിന്റെ ഉള്ളിലുള്ള ഉദ്ദേശ്യം മലങ്കരയിൽ പൂർണ്ണ അധികാരം സ്ഥാപിക്കുക എന്നതു മാത്രമായിരുന്നു. എന്നാൽ ഒരു ഉരുക്കുകോട്ടപോലെ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഉറച്ചുനിന്നതുകൊണ്ട് പാത്രിയർക്കീസിന് അത് സാധിച്ചില്ല. മലങ്കരയിൽ തങ്ങളുടെ ലൗകികാധികാരം സ്ഥാപിക്കുക എന്നതായിരുന്നു എക്കാലത്തും പാത്രിയർക്കീസന്മാരുടെ ആഗ്രഹവും പരിശ്രമവും. അതിന് വിഘാതമായി നിൽക്കുന്നവരെ ഏതുവിധേനയും തകർക്കുകയും ശപിക്കുകയും ഒതുക്കുകയുമായിരുന്നു അവർ ചെയ്തത്. ദീവന്നാസിയോസിന്റെ അനുഭവവും മറിച്ചല്ല. എന്നാൽ അദ്ദേഹം മഹാശക്തിമാനായിരുന്നതുകൊണ്ട് പാത്രിയർക്കീസിന്റെ തന്ത്രങ്ങൾ അത്രകണ്ടു വിജയിച്ചില്ല.

അത്താനാസിയോസിന്റെ കൈവശമായിരുന്ന പള്ളികളും സ്വത്തുക്കളും വീണ്ടെടുക്കുവാൻ 1879-ൽ ജോസഫ് മാർ ദീവന്നാസിയോസ് ആരംഭിച്ച സെമിനാരി കേസിന്റെ അന്തിമവിധിയാണ് 1889-ലെ റോയൽകോടതി വിധിയെന്ന് അറിയപ്പെടുന്നത്. പാത്രിയർക്കീസ് ബാവായുടെ ഇംഗിതത്തിന് വിരുദ്ധമായാണ് 1889-ൽ റോയൽകോടതി വിധിയുണ്ടാകുന്നത്. പാത്രിയർക്കീസിന് മലങ്കരസഭയുടെ മേൽ ലൗകികാധികാരം ഇല്ലായെന്നും പാത്രിയർക്കീസിന്റെ അധികാരം ആത്മീയകാര്യങ്ങളുടെ പൊതുവായ മേൽനോട്ടം മാത്രമാണെന്നുമുള്ള റോയൽകോടതി പരാമർശം കേട്ട പാത്രിയർക്കീസ് കുപിതനായി, ദീവന്നാസിയോസ് മെത്രാപ്പോലീത്താ ജഡ്ജിമാർക്ക് കോഴ കൊടുത്താണ് അപ്രകാരം ഒരു വിധിയുണ്ടാക്കിയത് എന്നുവരെ പറയുകയുമുണ്ടായി.

1875 മെയ് മാസത്തിൽ മലങ്കരയിലെത്തിയ പ. പാത്രിയർക്കീസ് ബാവാ 1877 മെയ് വരെ മലങ്കരയിൽ ഉണ്ടായിരുന്നു. പ. പാത്രിയർക്കീസ് ബാവായുടെ മലങ്കരയിലെ പ്രവർത്തനങ്ങളെക്കുറിച്ച് വളരെ വിശദമായി പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ രേഖപ്പെടുത്തിയിട്ടുണ്ട്. ചില കാര്യങ്ങൾ ഉദ്ധരിക്കാം.

> *സുറിയാനിക്കാർ ആചരിച്ചുകൊണ്ടിരുന്ന ആക്ഷേപകരമായ ചില നടപടികളെ ദൂരീകരിക്കുന്നതിനും വൈദികരെ നവീകരിച്ച് ഉദ്ധരിക്കുന്നതിനും തന്നാലാവതെല്ലാം അദ്ദേഹം ചെയ്തു. ഒരു ഭദ്രാസനത്തിൽ രണ്ടു വൈദികർ ഒഴികെ ബാക്കി പൗരോഹിത്യകാംക്ഷികളെല്ലാം തങ്ങളുടെ വൈദികാഭിഷേകത്തിനു മുമ്പ് വിവാഹിതരായിരിക്കണമെന്ന് അദ്ദേഹം കല്പിച്ചു. അവിവാഹിതരായി തുടരാൻ അനുവദിച്ചവർക്ക് മുപ്പത് വയസ്സ് എത്തിയശേഷം മാത്രമെ പൂർണ്ണ വൈദികസ്ഥാനം നൽകാവൂ എന്നും ശട്ടംകെട്ടി.*
>
> *1876 ഓഗസ്റ്റിൽ വി. കന്യകമറിയാമിന്റെ വാങ്ങിപ്പ് പെരുന്നാളിൽ മുളന്തുരുത്തി പള്ളിയിൽ വെച്ച് വി. മൂറോൻ പാത്രിയർക്കീസ് കൂദാശ ചെയ്തു. അനേകം പള്ളികൾ പണിത് കൂദാശയും നടത്തി (തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയുടെയും കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് പള്ളിയുടെയും ശിലാസ്ഥാപനം നടത്തിയത് പ. പാത്രിയർക്കീസ് ബാവായാണ്.) രണ്ട് റമ്പാന്മാരെയും മൂന്ന് കോർഎപ്പിസ്കോപ്പന്മാരെയും പതിനാറ് പട്ടക്കാരെയും പതിനേഴ് ശെമ്മാശ്ശന്മാരെയും (ആറു മെത്രാന്മാരെ വാഴിച്ചത് പ്രത്യേകം പറയേണ്ടതില്ലല്ലോ) അദ്ദേഹം പട്ടാഭിഷേകം നടത്തി. മുടക്കപ്പെട്ട മാത്യൂസ് അത്താനാസ്യോസിനെ പിന്താങ്ങിയിരുന്നവരിൽ നിന്നും മിക്ക പള്ളികളും വീണ്ടെടുക്കുകയും ജനത്തെ രമ്യതപ്പെടുത്തുകയും ചെയ്തു. സുറിയാനിക്കാർ തങ്ങളുടെ രക്ഷകനായി അദ്ദേഹത്തെ കരുതി. തങ്ങളോടൊത്ത് അദ്ദേഹം കഴിച്ചുകൂട്ടിയതിൽ അവർ ആഹ്ലാദചിത്തരായി. അദ്ദേഹത്തിന്റെ കൂടെ തങ്ങൾക്ക് ലഭിച്ച സഹായങ്ങൾക്ക് അവർ അദ്ദേഹത്തെ പുകഴ്ത്തി. ചുരുക്കത്തിൽ മലബാറിൽ അദ്ദേഹം കൈവരിച്ച ശ്ലൈഹികനേട്ടങ്ങളാൽ പത്രോസ് പാത്രിയർക്കീസ് നല്ല പോർ പൊരുതിയെന്നും ദൈവഹിതത്താൽ മലബാറിലെ സുറിയാനിക്കാരുടെ തിരുനെറ്റിയിൽ തങ്കലിപികളാൽ അദ്ദേഹത്തിന്റെ നാമം സ്വയം അങ്കിതമാക്കിയെന്നും സമചിത്തനായ ഏതൊരുവനും സവിനയം ഘോഷിക്കും.*
>
> *1877 മെയ് 16-ാം തീയതി ബോംബെയിൽ നിന്നും യെറുശലേമിലേക്ക് പാത്രിയർക്കീസ് കപ്പൽ കയറി. കണ്ടനാട് പള്ളിയിൽ നിന്നും സമ്മാനമായി നൽകിയ ഒരു വലിയ സ്വർണ്ണകുരിശ് ഉൾപ്പെടെ മലബാർ സഭയിൽ നിന്നും സ്വർണ്ണത്തിലും വെള്ളിയിലും പണിയിച്ച സമ്മാനങ്ങൾ അദ്ദേഹം കൊണ്ടുപോയിരുന്നു. കണ്ടനാട് പള്ളി സമ്മാനിച്ച കുരിശിന് അയ്യായിരം രൂപാ വിലമതിക്കുമായിരുന്നു. ഇപ്പോഴും അത് പാത്രിയർക്കാ ആസ്ഥാനത്ത് പരിരക്ഷിക്കപ്പെട്ടിരിക്കുന്നു.* (YAC 436).

ഉപസംഹാരം

സമൂഹത്തിന്റെയും സഭയുടെയും ലോകത്തിന്റെയും ചരിത്രത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ള വ്യക്തികളെ അവരുടെ കാലശേഷം അനുസ്മരിക്കുമ്പോൾ അവർ ചെയ്ത നല്ല കാര്യങ്ങൾക്ക് ഊന്നൽ കൊടുത്ത് സംസാരിക്കുക എന്നത് സാമാന്യ നീതിയാണ്.

പ. പത്രോസ് പാത്രിയർക്കീസ് ബാവായെക്കുറിച്ച് ഒരേപോലെ പാത്രിയർക്കീസ് ബാവായുടെയും മാർ ജോസഫ് ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെയും ആരാധകനായിരുന്ന മലങ്കരസഭാചരിത്രകാരൻ ഇ. എം.ഫിലിപ്പോസ് എഴുതിയിട്ടുള്ള ഒരു ഖണ്ഡിക ഉദ്ധരിക്കാം:

> *"ബാവായുടെ ആഗമനത്തിനു മുമ്പ് ഈ നാട്ടിലെ യാക്കോബായ സഭ നാമാവശേഷമായിപ്പോകുമെന്നു തോന്നത്തക്ക നിലയിലായിരിക്കയായിരുന്നു എങ്കിലും രണ്ടു വർഷത്തിൽ കുറഞ്ഞ കാലംകൊണ്ടു ഈ പുരാതനസഭയെ കുറേക്കൂടെ ഉറപ്പും വിസ്താരവും ആഴവുമുള്ള അടിസ്ഥാനത്തിന്മേൽ പുതുക്കിപണിയാൻ അദ്ദേഹത്തിന് സാധിച്ചു. ഈ രാജ്യവും ഇവിടുത്തെ ആചാരങ്ങളും അദ്ദേഹത്തിന് അപരിചിതമായിരുന്നു. ഇംഗ്ലീഷ് ഒരു വാക്കുപോലും അറിയാൻ പാടില്ലായിരുന്നു. ഈ സ്മർത്തവ്യമായ യാത്രയ്ക്കൊരുങ്ങിപുറപ്പെട്ടപ്പോൾ തനിക്ക് ലൗകികമായി എന്തെങ്കിലും സഹായമുണ്ടാകുമെന്ന് അദ്ദേഹത്തിന് അറിവില്ലായിരുന്നു. എങ്കിലും അദ്ദേഹം തനിച്ച് ഈ പ്രയാസങ്ങളെല്ലാം ജയിച്ചു. സമുദായത്തെ മുഴുവൻ ഇളക്കിമറിക്കത്തക്ക ഒരു ഭാവശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. എല്ലാവശത്തു നിന്നും അദ്ദേഹത്തിനു നേരിട്ട അസാമാന്യ പ്രയാസങ്ങളെയും അവയിൽനിന്ന് അദ്ദേഹത്തിന് സിദ്ധിച്ച വലിയ വിജയത്തെയും ഓർത്താൽ അദ്ദേഹം ചരിത്രകാലങ്ങളിൽ സുറിയാനി സഭയിൽ എഴുന്നേറ്റിട്ടുള്ള മഹാന്മാരിൽ അഗ്രഗണ്യനാണെന്നു നിസ്സംശയം പ്രസ്താവിക്കാം. അദ്ദേഹം ഈ നാടു വിട്ടിട്ട് ഇപ്പോൾ കാൽ ശതാബ്ദവും ഇഹലോകം വെടിഞ്ഞിട്ടു പത്തു കൊല്ലവും കഴിഞ്ഞിരിക്കുന്നുവെങ്കിലും അദ്ദേഹത്തിന്റെ വരവും ഇവിടുത്തെ നടപടികളും ഇന്നലത്തെപോലെ ജനങ്ങളുടെ മനസ്സിൽ തെളിഞ്ഞുകിടക്കുന്നു. മലങ്കര സുറിയാനിസഭ നിലനിൽക്കുന്നിടത്തോളംകാലം അല്ല അതിനപ്പുറവും അന്ത്യോഖ്യയുടെ മോറാൻ മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ നാമവും പ്രസിദ്ധിയും സുസ്ഥിരമായിരിക്കുന്നതാണ്"* (EMP 234).

പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി എസ്.ഡി.ഒ.എഫ്. യൂണിറ്റ് കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ ഉദ്ഘാടനം ചെയ്തു.

കാട്ടൂർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപ്പള്ളിയിലെ സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പിന്റെ 2026-27 വർഷത്തെ പ്രവർത്തന ഉദ്ഘാടനം നിലയ്ക്കൽ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. സൈമൺ വർഗീസ് നിർവഹിച്ചു. കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ പ്രവർത്തന അവലോകനം നടത്തി. ഭദ്രാസന സെക്രട്ടറി ബോബി കാക്കാനപ്പള്ളി, യൂണിറ്റ് സെക്രട്ടറി റോഷ്നി വർഗീസ്, യൂണിറ്റ് ട്രഷറർ ഷാജി എന്നിവർ പ്രസംഗിച്ചു.

രണ്ട് അടിമത്തങ്ങൾ

സ്കറിയ കെ. കോശി

(സെക്രട്ടറി, മീനടം യൂണിറ്റ്)

കാലം മാറുന്ന മുറയ്ക്ക് നമ്മളും മാറണം എന്ന് കേട്ടിട്ടുണ്ട്. എന്നാൽ വളരെ വേഗത്തിലുള്ള ഈ മാറ്റം പേടിപ്പെടുത്തുന്നു. യുവാക്കളിലും യുവതികളിലും സോഷ്യൽ മീഡിയ തലയ്ക്കു പിടിച്ചിരിക്കുന്നു. കൂടാതെ ലഹരിയുടെ ഉപയോഗവും. ഇത് രണ്ടും മനുഷ്യനെ മത്ത് പിടിപ്പിക്കുന്നു. ഈ കാലഘട്ടത്തിൽ സോഷ്യൽ മീഡിയയിൽ വൈറലാകാൻ വേണ്ടി ഏതറ്റം വരെയും പോകുന്ന യുവതലമുറ. കുറച്ചുകാലം മുൻപ് വരെ മദ്യപാനം എങ്കിൽ, ഇപ്പോൾ സിന്തറ്റിക് ലഹരി പദാർത്ഥങ്ങളാണ് മനുഷ്യൻ ഉപയോഗിക്കുന്നത്. തലയ്ക്ക് പിടിക്കുന്ന അവർ സ്വന്തക്കാരെ പോലും തിരിച്ചറിയാൻ പറ്റാത്ത രീതിയിൽ പെരുമാറുന്നു. എവിടെയാണ് നമ്മുടെ സമൂഹത്തിന് പിഴവ് വന്നത്. മറ്റു രാജ്യങ്ങളെ അനുകരിക്കുന്നു, സിനിമ പോലുള്ള വിഷ്വൽ മീഡിയയിൽ ഇതുപോലുള്ള കാര്യങ്ങൾ കാണുമ്പോൾ ഇതൊക്കെ ചെയ്താലേ ഞാൻ യുവാവായി /യുവതിയായി മറ്റുള്ളവർ എന്നെ അംഗീകരിക്കുകയുള്ളു എന്നുള്ള തിരിച്ചറിവിലാണോ ഇങ്ങനെ സംഭവിക്കുന്നത്.

അമിതമായ ലഹരി ഉപയോഗവും സോഷ്യൽ മീഡിയയുടെ ഉപയോഗവും അടുത്ത തലമുറയെ നശിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല. അമിതമായ ലഹരി ഉപയോഗം കാരണം വിവാഹം ചെയ്തവർ ബന്ധം വേർപ്പെടുത്തുകയും, അവരുടെ കുഞ്ഞുങ്ങൾ അനാഥരാവുകയും, ആ കുട്ടി സമൂഹത്തിൽ ഒറ്റപ്പെടുകയും, ക്രിമിനൽ പശ്ചാത്തലത്തിൽ വളർന്ന് വരാൻ ഇടയാവുകയും ചെയ്യുന്നു. വിവാഹം ചെയ്യാത്തവർ ആണെങ്കിൽ അവർക്ക് വിവാഹ സാധ്യത കുറഞ്ഞു വരികയും അത് നമ്മുടെ ക്രിസ്ത്യൻ സമൂഹത്തിന് തന്നെ ദോഷം ചെയ്യുകയും ചെയ്യുന്നു.

ഈ രണ്ട് അഡിക്ഷനും ക്രിസ്ത്യൻ സമൂഹത്തിന് വരുംകാലങ്ങളിൽ ദോഷം ചെയ്യും. ഞാനിടുന്ന സോഷ്യൽ മീഡിയ പോസ്റ്റുകൾ വൈറലാകാൻ വേണ്ടി ഏതറ്റം വരെയും പോകുന്ന യുവത്വങ്ങൾ കുടുംബ ബന്ധങ്ങളിൽ ഇടർച്ച ഉണ്ടാക്കുകയും കാണാപ്പുറങ്ങളിൽ ഇര തേടി പോകുമ്പോൾ ഉള്ള ബന്ധങ്ങളിൽ വിള്ളൽ ഉണ്ടാവുകയും ചെയ്യുന്നു.

ഈ രണ്ടു കാര്യങ്ങളും സമൂഹത്തിൽ നിന്ന് ഉൽമൂലനം ചെയ്യാൻ സാധിക്കുന്ന കാര്യമല്ല. എന്നാൽ വ്യക്തിജീവിതങ്ങളിൽ ഇത് എത്രമാത്രം എന്നെ സ്വാധീനിക്കണം എന്ന് നിശ്ചയിക്കുന്നത് നമ്മൾ ഓരോരുത്തരുമാണ്.

അടൂർ കണ്ണംകോട് കത്തീഡ്രൽ SDOF യൂണിറ്റിൽ വൈദികരുടെ യാത്രയയപ്പ് സമ്മേളനവും അനുമോദന യോഗവും കേന്ദ്ര ട്രഷറർ ഉമ്മൻ ജോൺ ഉദ്ഘാടനം ചെയ്തു.

SDOF തീം സോംഗ്

കൂട്ടായ് മനസ്സ് ചേർക്കാം
വിശ്വാസം സാക്ഷ്യമായി
പാട്ടിൻ മധുരമോർക്കാം
പ്രബോധം പങ്കിടാം

ഉയരെ സ്വർഗ്ഗമേറാം ദൂതന്മാരിടം
കൃപയാം നീരു തേടും നീർത്തോടു നീയെ.

പനിനീർ പെയ്തു കതിരാം വയലിൽ വിളയായ് കാഴ്ച യനുദിന മീശന്

SDOF വേദത്തണൽ...

കാലം കനവു ചേർക്കും സ്വർഗ്ഗരാജ്യം ചൊല്ലിടാം
ഈശോ കനിവിലേകും നിത്യജീവൻ നേടിടാം

സഭയിൻ കൊമ്പിതേറ്റാം സ്നേഹപ്രതീകം
ഹൃദയം പങ്കിടാമേ ത്യാഗപ്രദീപ്തം

പനിനീർ...

രചന, സംഗീതം:
ഫാ. തോമസ് പി. മുകളിൽ

എം. യു. മാത്യു പള്ളിപ്പാട്
(ക്വയർ മാസ്റ്റർ)

ദീപു ഉമ്മൻ സഖറിയാ
(കോ-ഓർഡിനേറ്റർ)

SDOF ക്വയർ അംഗങ്ങൾ പ്രസിഡണ്ടിനോടും കേന്ദ്ര നേതൃത്വത്തോടുമൊപ്പം.

വടശ്ശേരിക്കര വി. മർത്തമറിയം ഓർത്തഡോക്സ് തീർത്ഥാടന പള്ളി യൂണിറ്റിന്റെ 2026-2027 വർഷത്തെ പ്രവർത്തനോത്ഘാടനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. സൈമൺ വർഗ്ഗീസ് കണ്ണങ്കരേത്ത് നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ഫാ. ജോജി ജോർജ് ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ഷാജി ശാമുവേൽ, യൂണിറ്റ് സെക്രട്ടറി അനിൽ മാത്യു, ഭദ്രാസന ജോ. സെക്രട്ടറി ബിജി ബിജു, ഭദ്രാസന ട്രഷറാർ കെ. എ. മാത്യു, കേന്ദ്ര കമ്മറ്റി അംഗം അനു വടശ്ശേരിക്കര, കേന്ദ്ര പ്രതിനിധി അനുജ ബെന്നി എന്നിവർ പ്രസംഗിച്ചു.

മലങ്കര ഓർത്തഡോക്സ്
സുറിയാനി സഭ
സെന്റ് ഡയനീഷ്യസ്
ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF)
കോട്ടയം ഭദ്രാസനം
ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത
(ഭദ്രാസന പ്രസിഡന്റ്)
ഫാ. കെ.സി ഫിലിപ്പോസ്
(ഭദ്രാസന വൈസ് പ്രസിഡന്റ്)
ശ്രീ. ഷിജോ എം കുരുവിള
(ഭദ്രാസന സെക്രട്ടറി)
ശ്രീമതി. റെയ്ച്ചൽ സാബു
(ഭദ്രാസന ജോ. സെക്രട്ടറി, കേന്ദ്ര കമ്മിറ്റി അംഗം)
ശ്രീ. ജീബു.കെ. ജേക്കബ്
(ഭദ്രാസന ട്രഷറാർ)
കേന്ദ്ര പ്രതിനിധികൾ
ഗ്രൂപ്പ് പ്രസിഡന്റുമാർ
ശ്രീ.ബോബിൻ മർക്കോസ്
കേന്ദ്ര റീജിയണൽ സെക്രട്ടറി
ശ്രീമതി. ജിൻസി സാജൻ
കേന്ദ്ര അസംബ്ലി അഗം
ശ്രീ. രാജ് ഫിലിപ്പ്
SDOF പ്രസിദ്ധീകരണങ്ങളുടെ ചീഫ് എഡിറ്റർ
ഫാ. എ. വി. വർഗീസ്
ഫാ. എബ്രഹാം ജോൺ
ഫാ. കുര്യൻ കുറിയാക്കോസ്
ഫാ. സഖറിയ ജോർജ്
ഫാ. ലൈജു മർക്കോസ്
ഫാ. എബ്രഹാം വർഗീസ്
ഫാ .എബ്രഹാം മാത്യു
ഫാ. ആൻഡ്രൂസ് ജോസഫ്
ഭദ്രാസന കമ്മിറ്റി അംഗങ്ങൾ
ശ്രീ. വിപുൽ ഫിലിപ്പ്
ശ്രീമതി ബിന്ദു .എം. സി
ശ്രീമതി സിനു തോമസ്
ശ്രീമതി പ്രറ്റി മേരി മാത്യു
ശ്രീമതി ജൂബി ജയേഷ്
ശ്രീ. വിനോദ് തോമസ്
ശ്രീ. ജോതീഷ് പോൾ
ശ്രീ. സാബുഎംഎം
ഗ്രൂപ്പ് ഓർഗനൈസർമാർ
ശ്രീ. ജുഫിൻ മാത്യു
ശ്രീ. ടോണി വർഗീസ്
ശ്രീ. ജോബ് കുര്യാക്കോസ്
ശ്രീ. ബിജു മാത്യു
ശ്രീമതി. ബിനു മാത്യു
ശ്രീ. നൈജു കുര്യൻ

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ്
നിലയ്ക്കൽ ഭദ്രാസനം

പ്രസിഡന്റ്



ഡോ. ജോഷ്വാ മാർ നിക്കോദിമോസ്
മെത്രാപ്പോലീത്ത

വൈസ് പ്രസിഡന്റ്

ഫാ. സൈമൺ വർഗ്ഗീസ്
കണ്ണങ്കരേത്ത്

സെക്രട്ടറി

അഡ്വ. ബോബി കാക്കാനപ്പള്ളിൽ

ജോ. സെക്രട്ടറി

ബിജി ബിജു വാഴുവേലിൽ

ട്രഷറാർ

മാത്യു കെ . എ
കുന്നിലേത്ത്

ഡിസ്ട്രിക് റ്റ് കോഡിനേറ്റേഴ്സ്

അയിരൂർ ഡിസ്ട്രിക്റ്റ്

സോണി എം. തോമസ്
കുറ്റികണ്ടത്തിൽ

കനകപ്പലം ഡിസ്ട്രിക്റ്റ്

റെന്നി ഫിലിപ്പ്
തവളപ്പാറ

വയലത്തല ഡിസ്ട്രിക്റ്റ്

അനില തോമസ്
കടമാൻപതാലിൽ

റാന്നി ഡിസ്ട്രിക്റ്റ്

അനിൽ പി. മാത്യു
പുതുവേലിൽ

നിലയ്ക്കൽ ഡിസ്ട്രിക്റ്റ്

ഷിബു തോണിക്കടവിൽ

കേന്ദ്ര കമ്മറ്റി അംഗങ്ങൾ

വിനീഷ് പി. തോമസ്
പന്നക്കപതാലിൽ

അനുജ ബെന്നി
കീച്ചിരേത്ത്

അനു വർഗ്ഗീസ്
വലിയതറയിൽ

St. Dionysius Orthodox Fellowship (SDOF)

Nilackal Diocese Officials 2026

മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക സെന്റ് ഡയനേഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ 2026–27 വർഷത്തെ പ്രവർത്തന ഉദ്ഘാടനം സെന്റ് തോമസ് ദേവാലയത്തിൽ വച്ച് ഫിലിപ്പോസ് റമ്പാൻ (ജ്യോതിസ് ആശ്രമം, രാജസ്ഥാൻ) നിർവഹിച്ചു. ബിനു റ്റി. ഉമ്മനും കുടുംബത്തിനും അംഗത്വം നൽകി അംഗത്വ വിതരണത്തിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. ചടങ്ങിൽ ഇടവക വികാരിയും ഫെലോഷിപ്പ് പ്രസിഡന്റുമായ ഫാ. തോമസ് ജോസ്, അസോസിയേറ്റ് വികാരി ഫാ. ലിജു തോമസ്, ഇടവക ട്രസ്റ്റി തോമസ് ജോൺ, കോ-ട്രസ്റ്റി ബിനു അമ്മിണി, സെക്രട്ടറി മറിയാമ്മ ഫിലിപ്പ്, ഫെലോഷിപ്പ് സെക്രട്ടറി മാത്യു തോമസ് മെഴുവേലി, ട്രഷറർ വിജി തോമസ് വൈദ്യൻ, ജോയിന്റ് സെക്രട്ടറി, ബിനു വില്ലോത്ത് എന്നിവർ പ്രസംഗിച്ചു.

കുടിവെള്ള വിതരണം നടത്തി

കൂരോപ്പട: കോട്ടയം ഭദ്രാസനത്തിലെ കൂരോപ്പട സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി (ഇടക്കാട്ടുകുന്ന് പള്ളി) സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ ജലക്ഷാമം നേരിടുന്ന രണ്ട് കോളനികളിലെ നൂറോളം കുടുംബങ്ങൾക്ക് കുടിവെള്ള വിതരണം നടത്തി.

◆ നിത്യവും ദൈവ പ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

– പ. പരുമല തിരുമേനി

ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുമായി ഓർത്തഡോക്സ് സഭ

കുമളി: ജൈവപച്ചക്കറി കൃഷി യെ പ്രോത്സാഹിപ്പിക്കാൻ ഓർത്തഡോക്സ് സഭ പ്രത്യേക പദ്ധതിക്ക് തുടക്കം കുറിച്ചു. വിഷരഹിത മാർഗത്തിൽ എല്ലാ വീടുകളിലും പച്ചക്കറിക്കൃഷി ചെയ്താൽ ആരോഗ്യരംഗത്തു മികച്ച മുന്നേറ്റം കൈവരിക്കാമെന്ന ലക്ഷ്യം മുൻനിർത്തിയാണ് സെന്റ് ഡയനീഷ്യസ് ഓർത്ത ഡോക്സ് ഫെലോഷിപ് ഇടുക്കി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

ചക്കുപള്ളം ഗത്സീമോൻ അരമനയിൽ നടന്ന പദ്ധതി ഉദ്ഘാടനം ഓർത്തഡോക്സ് സഭ ഗീവർഗീസ് മാർ ബർണബാസ് നിർവഹിച്ചു. സഖറിയ മാർ സേവേറിയോസ് മെത്രാപ്പൊലീത്ത അധ്യക്ഷത വഹിച്ചു. മെത്രാസന സെക്രട്ടറി ഫാ. ബിജു ആൻഡ്രൂസ്, ഫാ. ജേക്കബ് മർക്കോസ്, ജയൻ കുരുവിള വട്ടമല, എം. കെ. ജോസഫ്, റ്റിജു ജോർജ്, ബിൻസി ജയിംസ് എന്നിവർ പ്രസംഗിച്ചു.

“നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു.” **– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി**